# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പയ്യാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി6/1672/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പയ്യാവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി6/1672/2024 തീയ്യതി: 06/12/2024

**കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-11-2023 മുതൽ 19-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജ്യോതിഷ് കുമാർ.സി.വി. | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2024 | 30-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2024 | 30-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീമതി സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

2.ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ശ്രീമതി ധന്യ. എം. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

4.ശ്രീ. ശ്രീനാഥ്.വി, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.സാജു സേവ്യർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ശ്യാമപ്രസാദ്.എസ്.എസ് | സെക്രട്ടറി | 01-04-2023 | 22-04-2023 |
| ശ്രീമതി.തങ്കമ്മ.ടി.ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-04-2023 | 08-05-2023 |
| ശ്രീ.ശ്യാമപ്രസാദ്.എസ്.എസ്. | സെക്രട്ടറി | 09-05-2023 | 13-07-2023 |
| ശ്രീമതി.തങ്കമ്മ.ടി.ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-07-2023 | 16-08-2023 |
| ശ്രീ.സന്ദീപ്.എ. | സെക്രട്ടറി | 17-08-2023 | 13-09-2023 |
| ശ്രീ.ബിജു.ഇ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-09-2023 | 04-10-2023 |
| ശ്രീ.സന്ദീപ്.എ. | സെക്രട്ടറി | 05-10-2023 | 27-11-2023 |
| ശ്രീ.ബിജു.ഇ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-11-2023 | 28-01-2024 |
| ശ്രീ.ജയസിംഹൻ.കെ | സെക്രട്ടറി | 29-01-2024 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.തങ്കമ്മ.ടി.ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 21-08-2023 |
| ശ്രീ.ബിജു.ഇ.വി | അസിസ്റ്റന്റ് സെക്രട്ടറി | 26-08-2023 | 31-03-2024 |
| ശ്രീ.ഫ്രാൻസിസ് ജോർജ്ജ്.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 04-09-2023 |
| ശ്രീ.ജിഷ്ണു.എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2023 | 31-03-2024 |
| ഡോ.അഞ്ജലി ജയരാജ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2023 | 03-12-2023 |
| ഡോ.ജിഷ.പി.എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 04-12-2023 | 26-01-2024 |
| ഡോ.രാജീവൻ.ഇ.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 27-01-2024 | 31-03-2024 |
| ശ്രീ.സുജിൻരാജ്.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.സ്നേഹാമൃത.എ.പി | കൃഷി ഓഫീസർ | 01-04-2023 | 30-04-2023 |
| ശ്രീമതി.റിൻസി റോസ് .ടി.ജോൺ | കൃഷി ഓഫീസർ | 01-05-2023 | 16-08-2023 |
| ശ്രീമതി.ഹെന ഫാത്തിമ.എം.വി | കൃഷി ഓഫീസർ | 17-08-2023 | 08-09-2023 |
| ശ്രീമതി.റിൻസി റോസ് .ടി.ജോൺ | കൃഷി ഓഫീസർ | 11-09-2023 | 17-01-2024 |
| ശ്രീ.പ്രമോദ്.എസ് | കൃഷി ഓഫീസർ | 18-01-2024 | 31-03-2024 |
| ഡോ.സുബിൻ സുകുമാരൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2023 | 31-03-2024 |
| ശ്രീമതി.നളിനമ്മ.കെ.ജി | ഐ.സി.ഡി.എസ് . സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.ബിജു.ഇ.ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദ | 01-04-2023 | 16-02-2024 |
| ഡോ.ദീപ്ന.എം | മെഡിക്കൽ ഓഫീസർ,ആയുർവേദ | 17-02-2024 | 31-03-2024 |
| ശ്രീ.കുമാരൻ.പി.എം. | ഹെഡ്മാസ്റ്റർ | 01-04-2023 | 01-06-2023 |
| ശ്രീ.പ്രഭാകരൻ.പി | ഹെഡ്മാസ്റ്റർ | 02-06-2023 | 31-03-2024 |
| ശ്രീമതി.സരിത.കെ.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 01-04-2023 | 29-02-2024 |
| ശ്രീ.മുഹമ്മദ് ഷഫീഖ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പയ്യാവൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ.രാജേഷ് ഇ.ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചന്ദനക്കാംപാറ സർക്കിൾ | 01-04-2023 | 31-03-2024 |

അസിസ്റ്റന്റ് സെക്രട്ടറി 22.08.2023 മുതൽ 25.08.2023 വരെ ഒഴിവ്. കൃഷി ഓഫീസർ 09.09.2023 മുതൽ 10.09.2023 വരെ ഒഴിവ്. അസിസ്റ്റന്റ് ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ 01.03.2024 മുതൽ 31.03.2024 വരെ ആർക്കും നിർവ്വഹണ ചുമതല നല്കിയിട്ടില്ല

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകയും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ഡിപ്രീസിയേഷൻ | 1-1-4 |
| 6 | തെറ്റായ അക്കൗണ്ട് ഹെഡുകളിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ഡെപ്പോസിറ്റ് ചെയ്ത തുക ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | വരവു വന്ന ഫണ്ടിന്റെ ഉദ്ദേശ്യം കണ്ടെത്തിയില്ല | 1-1-8 |
| 10 | സാമൂഹ്യസുരക്ഷാപെൻഷൻ-ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക കൃത്യമല്ല | 1-1-9 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-ക്രമീകരിക്കാൻ ബാക്കിയുള്ള തുക - കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വാർഷിക സ്റ്റോക്ക് റിപ്പോർട്ട് - അപാകത | 1-1-11 |
| 13 | ബാങ്ക് റിക്കൺസിലിയേഷൻ - അപാകത | 1-1-12 |
| 14 | പഞ്ചായത്ത് ഫണ്ട് - നെഗറ്റീവ് | 1-1-13 |
| 15 | പ്രയർ പിരിയഡ് ഇൻകം, എക്സ്പെന്റിച്ചർ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-14 |
| 16 | സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റാത്തത് | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം. | 1-5 |
| 21 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 22 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- റോഡ് കോൺക്രീറ്റ് പ്രവൃത്തി - അപാകങ്ങൾ | 1-6-1 |
| 23 | ക്ഷേമപദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | ഗ്രാമസഭ | 1-10 |
| 27 | രശീത് നൽകാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ക്രമപ്രകാരമല്ല. | 1-11 |
| 28 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-12 |
| 29 | വസ്തു നികുതി നിർണ്ണയത്തിൽ ഉയർന്നതരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് കണക്കാക്കിയിട്ടില്ല | 1-13 |
| 30 | വ്യത്യസ്ത ഉപവിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ നികുതി നഷ്ടം - വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| 31 | വസ്തു നികുതി പരിഷ്കരണം -നികുതി നിർണ്ണയത്തിലെ അപാകം-762രൂപ വരവു നഷ്ടം | 1-15 |
| 32 | കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി | 1-16 |
| 33 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 34 | ടർഫ്, ജിംനേഷ്യം എന്നിവയിൽ നിന്നും നികുതി ഈടാക്കേണ്ടത് -സംബന്ധിച്ച്. | 1-18 |
| 35 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-19 |
| 36 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമായി രേഖപ്പെടുത്തി വസ്തു നികുതി ഈടാക്കി - ഗ്രാമപഞ്ചായത്തിന് വരവു നഷ്ടം വരാൻ സാധ്യത | 1-20 |
| 37 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-21 |
| 38 | നികുതികളായി കിട്ടേണ്ട തുക വസൂലാക്കൽ-വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല | 1-22 |
| 39 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-23 |
| 40 | പൊട്ടിച്ച് നീക്കിയ പാറകൾ, നിർമ്മാണത്തെ തുടർന്ന് അധികം വന്ന മണ്ണ്, മുറിച്ച് മാറ്റിയ മരത്തടികൾ, വിവിധ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വസ്തുക്കൾ എന്നിവ ലേലം ചെയ്തിട്ടില്ല | 1-24 |
| 41 | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പി വി സി വാട്ടർ ടാങ്ക് - വിതരണ രേഖകൾ ഹാജരാക്കിയില്ല-₹6984 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 42 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - മാർഗ്ഗ രേഖ നിബന്ധനകൾ പാലിക്കേണ്ടതാണ്. | 1-26 |
| 43 | കുടിവെള്ള സംരക്ഷണാർത്ഥം ചെക്ക് ഡാം നിർമ്മിക്കൽ -പദ്ധതി പൂർത്തീകരിച്ചില്ല. ₹12,60,000 തടസ്സപ്പെടുത്തുന്നു. | 1-27 |
| 44 | കണ്ണൂർ വിവര സഞ്ചയിക- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല.- ₹5,03,140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 45 | സോളാർ വേലി നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചില്ല. ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 46 | തൊഴിൽ മേള സംഘാടനം -കേരള നോളജ് മിഷനിൽ നിന്നുള്ള വിഹിതം ലഭ്യമാകാത്തതും മറ്റ് അപാകങ്ങളും- 13200രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-30 |
| 47 | ഐ കെ എം ന് തുക നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-₹10,00,000യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| 48 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം- തുക കൈമാറൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 49 | സ്ത്രീ പദവി പഠനം- പദ്ധതി പൂർത്തിയായിട്ടില്ല -127834 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 50 | കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്കുള്ള ധനസഹായം - രേഖകൾ ഹാജരാക്കിയിട്ടില്ല -150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |

| | | |
|---|---|---|
| 51 | പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി - പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതാണ് | 1-35 |
| 52 | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ- വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല | 1-36 |
| 53 | കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ -തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ് | 1-37 |
| 54 | അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കും ദാതാക്കൾക്കും അതിജീവനത്തിനുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല - 178032 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-38 |
| 55 | സാന്ത്വനപരിചരണം 2023 - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല 31156 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 56 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സംവിധാനം ഒരുക്കൽ - ഇൻവെർട്ടർ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല 270000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 57 | ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകൾ ഹാജരാക്കിയിട്ടില്ല-300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 58 | പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല - രേഖകൾ ഹാജരാക്കിയിട്ടില്ല -29700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-42 |
| 59 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-43 |
| 60 | പകൽ വീട് നിർമ്മാണം-നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി-₹44998 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-44 |
| 61 | ബഡ്സ് സ്കൂൾ - അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-45 |
| 62 | തെരുവ് നായ്ക്കളുടെ വാക്സിനേഷൻ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-46 |
| 63 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല 1378000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-47 |
| 64 | ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റി യോഗതീരുമാനങ്ങൾ അംഗീകാരത്തിനയക്കുന്നതിൽ കാലതാമസം | 1-48 |
| 65 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമസേനയിലൂടെ - അവലോകനം | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പയ്യാവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.06.2024 ലെ 159/24 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 26.06.24 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പയ്യാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
06-12-2024.

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)₹2042735 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)₹9634018 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകയും ഉൾപ്പെടുത്തിയിട്ടില്ല

(1) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(4) റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന നോട്ട് ഓൺ അക്കൗണ്ട് AFS-ന്റെ ഭാഗമാക്കിയിട്ടില്ല.

ഐ.കെ.എം ന്റെ സഹായത്തോടെ എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കേണ്ടതാണ്.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-4 ഡിപ്രീസിയേഷൻ

അസറ്റ് രജിസ്റ്ററിൽ ഡിപ്രീസിയേഷൻ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

### 1-1-5 തെറ്റായ അക്കൗണ്ട് ഹെഡുകളിൽ ഉൾപ്പെടുത്തി

ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ താഴെ പറയുന്ന ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടുകളിലാണ്.

എ) കണ്ടിജന്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം ഇനത്തിലുള്ള 57738 രൂപ ഫുൾടൈം കണ്ടിജന്റ് എന്ന ഹെഡിൽ ചേർത്തു.

ബി) ക്ലീൻ കേരള കമ്പനിക്ക് ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി നല്കിയ തുക (₹777500) 'സർക്കാർ ഉത്തരവ് പ്രകാരം ക്ലീൻ കേരളയുടെ ഓഹരികൾ വാങ്ങുന്നത് ' എന്ന ഹെഡിലാണ് ചേർത്തത്

സി) ഹോണറേറിയം -ടെക്നിക്കൽ അസിസ്റ്റന്റ് & പ്രോജക്ട് അസിസ്റ്റന്റ് ഇനത്തിലുള്ള 53285രൂപ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ക്ലർക്കിന്റെ വേതനം ഇനത്തിലുള്ള 34245 (17365+16610) രൂപ ഇവ രേഖപ്പെടുത്തിയത് Distribution Of Wages To MNREGS As Per Government Order എന്ന ഹെഡിലാണ് (ആകെ ₹87260).

ഡി) അംഗണവാടി ന്യൂട്രീഷൻ പ്രോഗ്രാം ഇനത്തിലുള്ള ചെലവ് സെക്ടർ ഡിവിഷനിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്. (Projects Not Included In Sector Division I -14 C ൽ ആണ് പ്രസ്തുത ചെലവ് വരേണ്ടത്) എന്നാൽ ഡിസെൻട്രലൈസ്ഡ് പ്രോഗ്രാം – സർവ്വീസ് സെക്ടറിലാണ് പ്രസ്തുത ചെലവുകൾ ചേർത്തിട്ടുള്ളത്. (I -14 എ)

ഇ) ചെക്ക് ഡാം നിർമ്മാണത്തിനായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത 39,60,000 രൂപ (27ലക്ഷം -2022-23, 12.6ലക്ഷം രൂപ 2023-24) ബി 18 ൽ ഉൾപ്പെടുത്താതെ ബി 11 C ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തി. ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് ഹെഡ് മാറ്റിയിട്ടുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അപാകം നിലനില്ക്കുന്നു.

### 1-1-6 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം: വസ്തു നികുതി, വാടക എന്നീ ഹെഡുകളിലെ ഡിമാന്റ് എൻട്രി സാമ്പത്തിക വർഷാവസാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-7 ഡെപ്പോസിറ്റ് ചെയ്ത തുക ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രൈമറി ഹെൽത്ത് സെന്ററിൽ ജനറേറ്റർ, എ സി ഇവ സ്ഥാപിക്കുന്നതിനായി പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിംഗിൽ ഡെപ്പോസിറ്റ് ചെയ്തതും നാളിതുവരെ വിനിയോഗിക്കാത്തതുമായ 2,70,000 രൂപ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 വരവ് വന്ന ഫണ്ടിന്റെ ഉദ്ദേശ്യം കണ്ടെത്തിയില്ല

ബി 7 ഷെഡ്യൂളിൽ 340200199 നമ്പർ ഹെഡ് കോഡിൽ രേഖപ്പെടുത്തിയ 983289 രൂപയിൽ 2500 രൂപ തൊഴിൽ നികുതി ഇനത്തിലുള്ളതാണ്. ബാക്കി തുക (₹980789) "ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക ഏതാവശ്യത്തിനാണെന്ന്

തിരിച്ചറിയാൻ കഴിയാത്തതിനാൽ" ഉൾപ്പെടുത്തിയതാണെന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതാവശ്യത്തിന് വരവു വന്നതാണെന്ന് നാളിതു വരെ കണ്ടെത്തിയിട്ടില്ല. തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടിൽ (ഡെപ്പോസിറ്റ്) ഉൾപ്പെടുത്തിയതും അപാകമാണ്.

### 1-1-9 സാമൂഹ്യസുരക്ഷാപെൻഷൻ-ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക കൃത്യമല്ല

ഐ 6, ഐ 14 ഡി ഷെഡ്യൂളുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക അപൂർണ്ണമാണ്. മുൻവർഷങ്ങളിലെ പെൻഷൻ 2023-24 സാമ്പത്തിക വർഷം വിതരണം ചെയ്തത് പരിഗണിക്കാതെയാണ് കണക്കുകൾ തയ്യാറാക്കിയത്. വിശദവിവരങ്ങൾ ഐ – 7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-1-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ക്രമീകരിക്കാൻ ബാക്കിയുള്ള തുക – കണക്കുകൾ പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് മുൻകൂറായി നല്കിയ തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക 1933355 രൂപയാണ്. എന്നാൽ എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളത് 2024466 രൂപയാണ്.

### 1-1-11 വാർഷിക സ്റ്റോക്ക് റിപ്പോർട്ട് – അപാകത

ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകളിൽ ഉൾപ്പെടുന്ന സാധനങ്ങളുടെ വാർഷിക ഭൗതിക പരിശോധന നടത്തി സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല. സാമ്പത്തിക മൂല്യമുള്ള ടെണ്ടർ ഫോറം പോലുള്ള സ്റ്റോറുകളുടെ സാക്ഷ്യപത്രം പോലും തയ്യാറാക്കാതിരുന്നത് അപാകമാണ്.
2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം എന്ന പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ രണ്ടു വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നത് ബാലൻസ് ഷീറ്റിൽ സ്റ്റോക്ക് ബാലൻസ് ഇനത്തിൽ ഉൾപ്പെടുത്താതിരുന്നതും അപാകമാണ്.

### 1-1-12 ബാങ്ക് റിക്കൺസിലിയേഷൻ – അപാകത

വിവിധ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പുകളും ബാങ്ക് റീക്കൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ 40418101024362 - ബാങ്ക് റീക്കൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 578726 രൂപ, എന്നാൽ ബി 17 ഷെഡ്യൂളിലെ നീക്കിയിരിപ്പ് 556733 രൂപ

2. ദുരിതാശ്വാസനിധി ബി 2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും (₹11625) ബി 17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും (₹10922) തമ്മിൽ പൊരുത്തപ്പെടുന്നില്ല

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് - പി എഫ് എം എസ് അക്കൗണ്ടിലെ നീക്കിയിരിപ്പും ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-13 പഞ്ചായത്ത് ഫണ്ട് – നെഗറ്റീവ്

പഞ്ചായത്ത് ഫണ്ട് (ബി 1 ഷെഡ്യൂൾ) നെഗറ്റീവ് ആണ്.

### 1-1-14 പ്രയർ പിരിയഡ് ഇൻകം, എക്സ്പെന്റിച്ചർ വിശദാംശങ്ങൾ ലഭ്യമല്ല

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ (ഐ 18 ഷെഡ്യൂൾ) -7823501 രൂപ പ്രയർ പിരിയഡ് എക്സ്പെൻസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രയർ പിരിയഡ് ഇനമായി ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-15 സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റാത്തത്

പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 20111001922 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 01.03.2023 മുതലുള്ള Uncashed Cheque ഇനത്തിൽ 23017 രൂപ അവശേഷിക്കുന്നുണ്ട്.
കേരള ഗ്രാമീൺ ബാങ്കിലുള്ള 40418100008659 നമ്പർ തനത് ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പത്രികയിലും 2/2023 മുതലുള്ള ചെക്കുകൾ Uncashed ആയി തുടരുന്നുണ്ട്.

പ്രസ്തുത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

### 1-2 ബജറ്റ്

പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.2023 തീയതിയിലെ സാധാരണ യോഗത്തിലെ ഒരു അജണ്ടയായി 110/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ 7 വ്യത്യസ്ത അജണ്ടകൾ ഉണ്ടായിരുന്ന പ്രസ്തുത യോഗത്തിലെ രണ്ടാമത്തെ അജണ്ടയായാണ് ബജറ്റ് അംഗീകാരം ഉൾപ്പെടുത്തിയത്.

2023-24 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 14.02.2024 തീയതിയിലെ 133/24 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരത്തിനായി ശിപാർശചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തുടർന്നുള്ള യോഗങ്ങളിലൊന്നും പ്രസ്തുത തീരുമാനം പരിഗണിച്ചിട്ടില്ല.

16.02.2024 തീയതിയിലെ 31/24 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2023-24 ലെ റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതുമായി ബന്ധപ്പെട്ട പരാമർശം പ്രസ്തുത തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബജറ്റ്, റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,90,43,286 | 3,15,78,038 |
| പ്രതീക്ഷിത വരവ് | 24,42,70,520 | 32,19,41,758 |
| ആകെ | 26,33,13,806 | 35,35,19,796 |
| പ്രതീക്ഷിത ചെലവ് | 25,28,14,740 | 34,26,32,990 |
| നീക്കിയിരിപ്പ് | 1,04,99,066 | 1,08,86,806 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവു ചെലവുകളും പുതുക്കിയ ബജറ്റു പ്രകാരമുള്ള വരവു ചെലവുകളും തമ്മിൽ 8 കോടിയിലധികം രൂപയുടെ വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,65,66,099 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,76,66,038 |
| ആകെ | ₹14,42,32,137 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,97,08,773 |
| നീക്കിയിരിപ്പ് | ₹3,45,23,364 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 762 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 54,93,044 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എഫ് ടി ഒ മുഖേനയുള്ള വരവ് ചെലവ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,30,31,000 | 2,30,31,000 | 1,76,62,329 | 53,68,671 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6,08,000 | 6,08,000 | 5,41,208 | 66,792 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 39,94,000 | 39,94,000 | 33,49,376 | 6,44,624 |
| സംരക്ഷണ ഗ്രാന്റ്, റോഡ് | 0 | 1,10,18,000 | 1,10,18,000 | 60,73,457 | 49,44,543 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 35,58,000 | 35,58,000 | 35,52,107 | 5893 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 12,26,253 | 28,60,500 | 40,86,753 | 40,83,322(*) | 3431 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് | 416254 | 38,14,000+ 1,86,589(പലിശ) ---------------- 40,00,589 | 44,16,843 | 3810727 | 606116(*) |
| ടി എസ് സി | 6,50,532 | 0 | 6,50,532 | 0 | 6,50,532 |
| എസ് ബി എം | 0 | 7,44,000 | 7,44,000 | 7,44,000 | 0 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 8,74,812 | 7,92,496 | 16,67,308 | 4,15,547 | 12,51,761 |
| ശുചിത്വമിഷൻ | 9,25,217 | 0 | 9,25,217 | 0 | 9,25,217 |
| ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് &വെൽനസ് | 1,87,641 | 3,64,000+ 8424(പലിശ) | 5,60,065 | 1,86,653 | 3,73,412(**) |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 3,25,743 | 8,59,000+ 19,609(പലിശ) | 12,04,352 | 5,78,651 | 6,25,701(**) |
| ഹെൽത്ത് ഗ്രാന്റ്-കെട്ടിട നിർമ്മാണം | 0 | 55,50,000+ 61,000(പലിശ) | 56,11,000 | 0 | 56,11,000 |
| ആയുർവേദ വകുപ്പ്-കാപ്പിറ്റൽ | 76,887 | 0 | 76,887 | 0 | 76,887 |
| ഹോമിയോപ്പതി - കാപ്പിറ്റൽ | 0 | 5,00,000 | 5,00,000 | 0 | 5,00,000 |
| സാക്ഷരത | 371 | 15557 | 15928 | 10972 | 4956 |
| ഗ്രാന്റ്-മറ്റ് ഗവൺമെന്റ് ഏജൻസി | 205048 | 0 | 205048 | 0 | 205048 |
| ലൈഫ് ഭവനനിർമ്മാണം - സ്റ്റേറ്റ് ഷെയർ (***) | 1,44,50,000 | 2,24,09,738 | 3,68,59,738 | 3,41,07,003 (എ.സി.ആർ) | 27,52,735 |
| എം പി ഫണ്ട് | 0 | 3,98,334 | 3,98,334 | 3,98,334 | 0 |

(*) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളാണ് ഉൾപ്പെടുത്തിയത്. ആയത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും സുലേഖ ചെലവു പത്രികയിലേയും കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

(**) ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഇനത്തിൽ ചെലവഴിക്കേണ്ട 325680 രൂപ ഈ ഹെഡിൽ നിന്ന് ചെലവഴിച്ചതിനാൽ ബി 4 പ്രകാരമുള്ള ബാലൻസ് 47732 രൂപയാണ്. അത്രയും തുക ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ ഇനത്തിൽ അധികമായും വരുന്നുണ്ട്.

(***) ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ, പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ ലഭിച്ച തുക, പലിശ തുടങ്ങിയവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 225 | 215756843 | 157 | 124549329 | 47 | 110 | 68 | 49 |

**വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2513170 | 1214425 | 48.32 |
| വെറ്റിനറിസർജൻ | 4 | 3 | 1842060 | 1079060 | 58.58 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 15 | 15 | 5444358 | 4046500 | 74.33 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 1 | 700000 | 700000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 36 | 31 | 131956038 | 80730225 | 61.18 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 8 | 5931050 | 4101391 | 69.15 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 3000000 | 1321724 | 44.06 |
| സെക്രട്ടറി | 48 | 39 | 14670727(*) | 9551723 | 65.1 |
| ഹെഡ്മാസ്റ്റർ, ഗവ. യു പി. സ്കൂൾ | 5 | 4 | 3382630 | 1418200 | 41.93 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 85 | 39 | 43007530 | 17924881 | 41.68 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 11 | 9 | 3159280 | 2371200 | 75.06 |
| ഫിഷറീസ് | 1 | 1 | 100000 | 40000 | 40 |
| ആകെ | 225 | 157 | 21,57,56,843(*) | 12,45,49,329 | 57.73 |

പദ്ധതി ചെലവിൽ കുറവു വന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

(*) സുലേഖ ചെലവു പത്രികയിൽ, ജി ഒ പ്രോജക്ടിനത്തിൽ വന്ന 39,32,393 രൂപയുടെ ചെലവ്, അടങ്കൽ കാണിക്കാതെ ചെലവുമാത്രം ചേർക്കുകയാണ് ചെയ്തത്. ആയതിനാൽ അടങ്കലിൽ ഇത്രയും തുകയുടെ വ്യത്യാസം വരുന്നുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17,67,417 | 17,35,806 | 35,03,223 | 35,02,223(*) | 1,000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,34,43,635 | 3,34,43,635 | 3,34,43,635 | 0 |
| കാപ്പിറ്റൽ കോൺട്രിബ്യൂഷൻ | 0 | 5,011,930 | 5,011,930 | 5,011,930 | 0 |
| ആകെ | 17,67,417 | 4,01,91,371 | 4,19,58,788 | 4,19,57,788 | 1,000 |

(*)മുൻവർഷവും തൻവർഷവും ലഭിച്ച ഗ്രാന്റും പലിശയും തനതു ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- റോഡ് കോൺക്രീറ്റ് പ്രവൃത്തി - അപാകങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ളതിനേക്കാൾ ഉയർന്ന നിരക്ക് നല്കുന്നു**

എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി പ്രൈസ് സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഇനം നമ്പർ 75.8.1 (Providing Plain Cement Concrete For Road Works In CC 1:2:4 Nominal Mix) ആണ് ഉൾപ്പെടുത്തുന്നത്. ആയതിൽ ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് 6779/ക്യു.മീ (കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) ആണ്. എന്നാൽ എം ജി എൻ ആർ ഇ ജി എസ് ഫണ്ട് ഉപയോഗപ്പെടുത്തി നടത്തുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഇതിനേക്കാൾ ഉയർന്ന നിരക്കാണ് നല്കി വരുന്നത്. (7952.485/ക്യു.മീ)

**1.അധിക നിരക്ക് നല്കിയത്**

ഫൗണ്ടേഷൻ കോൺക്രീറ്റ് ചെയ്യുന്നതിനു പകരം പ്ലിൻത്ത് ലെവൽ വരെ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഇനമാണ്-(4.1.3 സെക്വയർ സോഫ്റ്റ് വെയർ) ഉൾപ്പെടുത്തിയത്. ഇതിനായി നല്കുന്ന നിരക്ക് @7952.485/ക്യു.മീ ആണ്. 15 സെ മീ കനത്തിൽ 1:2:4 സിമന്റ് മിക്സാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ആയതിന് സെന്ററിംഗ് & ഷട്ടറിംഗ് ചെയ്യുന്നതിനുള്ള

ഇനം 4.3.2 (463.82/ച മീ) ആണ് കാണിച്ചിട്ടുള്ളത്. സെഡിൽ മാത്രം പലക വച്ച് സപ്പോർട്ട് നല്കുന്നതിന് 463.82/ച മീ നിരക്ക് അനുവദിച്ചത് ശരിയായ നടപടിയല്ല. തെറ്റായ ഇനം സെലക്ട് ചെയ്തതിനാൽ രണ്ടിടത്തും അധിക നിരക്ക് നല്കാൻ ഇടയായിട്ടുണ്ട്.

**2.സ്കിൽഡ് ലേബർ-**

എല്ലാതരം സ്കിൽഡ്/സെമി സ്കിൽഡ് ലേബറിനും 1000രൂ നിരക്കിലാണ് കൂലി നല്കിയിട്ടുള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്ന വെണ്ടറുമായി ബന്ധപ്പെട്ടവർ തന്നെയാണ് കൂടുതലും സ്കിൽഡ് ലേബർ ചെയ്തതായി കാണിച്ചിട്ടുള്ളത്.

ഉദാഹരണമായി **കാട്ടിക്കണ്ടം കാവുന്തല റോഡ് കോൺക്രീറ്റ്** എന്ന പ്രവൃത്തിയിൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം വരുന്ന ലേബർ താഴെ പറയും പ്രകാരമാണ്.

മേസൻ (ആവറേജ്) 5.85@1000 (Rounded To 6 Mandays)

ബിസ്തി 40.95 @800 (Rounded To 41 Mandays)

സ്കിൽഡ് ബെൽഡാർ 0.03@900 (Rounded To 1 Manday)

ഫിറ്റർ 9.2152@1000 (Rounded To 10 Mandays)

ആകെ 58തൊഴിൽ ദിനങ്ങൾ

ഫിറ്ററുടെ കൂലി - സെന്ററിംഗ് & ഷട്ടറിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഫിറ്റർ ചെയ്യേണ്ടത് എന്നതിനാൽ അത്രയും മനുഷ്യ ദിനങ്ങൾ ആവശ്യമില്ലാത്തതാണ് (10 മനുഷ്യദിനങ്ങൾ).

**നല്കിയ കൂലി**

22*1000+24*1000

ആകെ 46000 രൂപ.

**മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി ചെയ്തത്**

സ്കിൽഡ് ലേബർ

നാല് പേർ 29.10.22 മുതൽ 04.11.22 വരെ ആറ് ദിവസം വീതവും (4*6*1000 24000രൂപ) 05.11.2022 വരെയുള്ള ആഴ്ച്ച രണ്ടു പേർ 6 ദിവസം വീതവും രണ്ടുപേർ 5 ദിവസം വീതവും (2*6*1000+2*5*1000) ആകെ 22000 രൂപ. മസ്റ്റർ റോളിൽ ഏത് കാറ്റഗറിയിൽ പെട്ട പ്രവൃത്തിയാണ് ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

അനുവദനീയമായ കൂലി 7*1000+41*800+10*1000 (ഫിറ്റർ) ചെലവഴിക്കണമെങ്കിൽ 58 മനുഷ്യദിനങ്ങളിൽ പ്രവൃത്തി ചെയ്തിരിക്കണം. 46 മനുഷ്യ ദിനങ്ങൾ മാത്രം പ്രവൃത്തി ചെയ്ത് മുഴുവൻ കൂലിയും (വിദഗ്ദ/അർദ്ധവിദഗ്ദ ഇനങ്ങളിൽ) നല്കിയതിനാൽ അധികച്ചെലവ് വന്നിട്ടുണ്ട്. സെന്ററിംഗ് എസ്റ്റിമേറ്റിൽ പറഞ്ഞ രീതിയിലുള്ളത് ചെയ്തിട്ടില്ലാത്തതിനാൽ ഫിറ്ററുടെ കൂലിയിനത്തിലും അധികച്ചെലവ് വരുന്നുണ്ട്.

**46 തൊഴിൽ ദിനങ്ങൾക്ക് നല്കാവുന്ന കൂലി**

6*1000+40*800 = 38000രൂ

ഇതേ രീതിയിൽ തന്നെയാണ് എല്ലാ പ്രവൃത്തികളിലും സ്കിൽഡ് ലേബറിന് കൂലി നല്കിയിട്ടുള്ളത്. മസ്റ്റർ റോളിൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്തതും അപാകമാണ്.

**3.എഗ്രിമെന്റ്- സാധനങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപെട്ട വ്യവസ്ഥകൾ ഇല്ല**

എഗ്രിമെന്റ് വ്യവസ്ഥകളായി ഉൾപ്പെടുത്തിയത് പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരുമായുണ്ടാക്കുന്ന കരാറിൽ ചേർക്കുന്ന വ്യവസ്ഥകൾ തന്നെയാണ്. പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നത് സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാരനാണ് എന്നതരത്തിലുള്ള വ്യവസ്ഥകളാണ് കരാറിൽ ഉള്ളത്. സാധനങ്ങൾ വിതരണം ചെയ്യേണ്ടതുമായി ബന്ധപ്പെട്ട യാതൊരു വ്യവസ്ഥയും എഗ്രിമെന്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

**4.സ്റ്റാക്ക് മെഷർമെന്റ്**

സാധനങ്ങളുടെ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല.

**5.സിമന്റ് വില മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ**

2022-23 സാമ്പത്തിക വർഷം തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന്റെ വിലയായി എസ്റ്റിമേറ്റിൽ ചേർത്തിരിക്കുന്നത് 11008/ടൺ ആണ്. എന്നാൽ എസ് ഒ ആർ (പ്രൈസ് സോഫ്റ്റ് വെയറിലെ മെറ്റീരിയൽ കോസ്റ്റ്) പ്രകാരമുള്ള നിരക്ക് 8600/ടൺ മാത്രമാണ്. മാർക്കറ്റ് റേറ്റിനേക്കാൾ കൂടിയ നിരക്ക് കാണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധികതുക ലഭിക്കാൻ ഇടയായിട്ടുണ്ട്. ഇത് സെക്വയർ സോഫ്റ്റ്‌വെയറിലെ അപാകമാണ്.

**6.അഞ്ചു ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളായി വിഭജിച്ച് നടപടിക്രമങ്ങളിൽ നിന്നും ഒഴിവാകുന്നത്**

ഒരേ സമയം ഒരേ റോഡിൽ ചെയ്യുന്ന പ്രവൃത്തികൾ അഞ്ച് ലക്ഷത്തിൽ താഴെയുള്ള രണ്ടു പ്രവൃത്തികളായി വിഭജിച്ച് ചെയ്യുന്നതിലൂടെ ടെക്നിക്കൽ സാങ്ഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളിൽ നിയമാനുസൃത പരിധി പാലിക്കപ്പെടാതെ പോകുന്നു. ഉദാഹരണമായി ഏറ്റുപാറ മദർതെരേസ പീഠക്കല്ല് റോഡ് കോൺക്രീറ്റ് 0 മുതൽ 135മീറ്റർ വരെയും 135 മുതൽ 270 മീറ്റർ വരെയും അഞ്ചു ലക്ഷത്തിൽ താഴെ വരുന്ന വ്യത്യസ്ത എസ്റ്റിമേറ്റുകൾ തയ്യാറാക്കി അക്രഡിറ്റഡ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കി. ഇ ടെണ്ടർ നടപടിക്രമങ്ങളും ഇക്കാരണത്താൽ ഒഴിവായിട്ടുണ്ട്.

രണ്ടു പ്രവൃത്തികളുടെയും സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ ലഭിച്ചത് ശ്രീ സജി സി എന്ന പി ഡബ്ല്യു ഡി കോൺട്രാക്ടർക്കാണ്. ഒരേ സെലക്ഷൻ നോട്ടീസിലാണ് രണ്ടു പ്രവൃത്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

(നമ്പർ എ1/936/29.07.2022 , സെക്രട്ടറി) .

**7.ഹയർ ചാർജ്ജസ് കണക്കാക്കിയതിലെ പിഴവ്**

പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ മണിക്കൂറിനുള്ള നിരക്കിലാണ് ഹൈഡ്രേറ്റർ, മിക്സർ എന്നിവയുടെ വാടക കണക്കാക്കുന്നത്. സെക്വയറിൽ ദിവസ വാടക കണക്കാക്കുന്നതിനാൽ നിരക്ക് വർധിക്കാൻ ഇടയാകുന്നുണ്ട്. മണിക്കൂർ നിരക്കിനെ 24 കൊണ്ട് ഗുണിച്ചതിന് അടുത്തു വരുന്ന നിരക്കാണ് ദിവസ വാടകയായി ചേർത്തിട്ടുള്ളത്. ആയതും സോഫ്റ്റ്‌വെയർ അപാകമാണ്.

**8.കരാറുകാർ ജി എസ് ടി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.**

സെലക്ഷൻ നോട്ടീസുകളിൽ 2% ജി എസ് ടി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ രശീതി ഹാജരാക്കാൻ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് ചെയ്യാതെയാണ് വെണ്ടർമാർക്ക് ബിൽ തുക നല്കുന്നത്.

**9.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ**

സി ഐ ബി സ്ഥാപിച്ചതിന്റെ വിവരങ്ങൾ എം ബുക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയലിൽ എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചെലവു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നില്ല. ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എഗ്രിമെന്റും ആയതിന്റെ ഭാഗമാക്കിയ എസ്റ്റിമേറ്റും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. സ്ഥലപരിശോധനയിൽ ബോർഡുകൾ സൈറ്റിൽ ചാരിവച്ച നിലയിലാണ് കാണാൻ സാധിച്ചത്. എഴുത്തും മാഞ്ഞു പോകുന്നുണ്ട്.

സൈറ്റിൽ സ്ഥിരമായി നിൽക്കത്തക്ക രീതിയിൽ ബോർഡുകൾ ഉറപ്പിച്ചു വെക്കുന്നതിനുൾപ്പെടെയുള്ള എസ്റ്റിമേറ്റ് (അനുവദനീയമായ പരിധിയിൽ നിന്നു കൊണ്ട്) തയ്യാറാക്കി എഗ്രിമെന്റിന്റെ ഭാഗമാക്കേണ്ടതും അതേ രീതിയിൽ ബോർഡുകൾ ഉറപ്പിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**10.ഫോട്ടോ ഉൾപ്പെടുത്തുന്നില്ല**

പ്രവൃത്തികളുമായി ബന്ധപ്പെട്ട് മൂന്ന് തലങ്ങളിൽ (Before, Ongoing, After) എടുത്ത ഫോട്ടോകൾ ഫയലുകളിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 38/28.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുഴുവൻ ഫയലുകളും പരിശോധിച്ച് അധികത്തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | | ആകെ ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| | 2022-23 ലെ കുടിശിക തുക തൻവർഷം നല്കിയത് (കുടിശിക=Exp.As On 31.03.2024-Exp.As On 31.03.2023) | 2023-24 | | |
| കർഷകതൊഴിലാളി പെൻഷൻ | 3916400-3433000 =483400 | 3226800 | 3710200 | 266 |
| വിധവാ പെൻഷൻ | 9324400-8152800 =1171600 | 7972900 | 9144500 | 762 |
| വാർദ്ധക്യകാല പെൻഷൻ | 27272200-23873200 =3399000 | 22936100 | 26335100 | 2351 |
| ഭിന്നശേഷി പെൻഷൻ | 3636800-3184400 =452400 | 3066400 | 3518800 | 275 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 560000-488000 =72000 | 472000 | 544000 | 42 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | | | 3 |

വാർഷിക ധനകാര്യ പത്രികയിൽ 2022-23 ലെ പെൻഷൻ കുടിശിക 2023-24 സാമ്പത്തിക വർഷം നല്കിയ ഇനത്തിൽ വരുന്ന തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2024 ന് ഉച്ചക്ക് 12 മണിക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 73107 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

പ്രതിമാസ മീറ്റിംഗുകൾ ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർ ട്രാക്ക് സംവിധാനത്തിലൂടെ റോഡുകളുടെ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള വിവരങ്ങൾ യഥാർത്ഥ വിവരങ്ങളുമായി ഒത്തുനോക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബിൽഡിംഗ്, കുടിവെള്ള പദ്ധതികൾ, ഇറിഗേഷൻ, ഭൂമി തുടങ്ങി എല്ലാ വിഭാഗങ്ങളിലുമുള്ള ആസ്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

## 1-10 ഗ്രാമസഭ

പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ പതിനാറ് വാർഡുകളിലും മൂന്ന് തവണ വീതം ഗ്രാമസഭകൾ വിളിച്ച് ചേർത്തിട്ടുണ്ട്. പതിനഞ്ചാം വാർഡ് ഗ്രാമസഭയുടെ ആദ്യയോഗത്തിന്റെ (7.07.23) മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല. മറ്റ് തീയതികളിലെ മിനുട്സ് ക്ലോസ് ചെയ്യാത്തതും അപാകമാണ്.
2023-24 വാർഷിക പദ്ധതി, 2021-22 ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യൽ, 2022-23വാർഷിക വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കൽ, 2024-25 വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, എം ജി എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ /ലേബർ ബജറ്റ് തയ്യാറാക്കൽ, റേഷൻ കടതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ.
ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുത്തവരിൽ പതിനഞ്ച് പേരെങ്കിലും അതത് ഗ്രാമസഭാ മിനിട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-11 രശീത് നൽകാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ക്രമപ്രകാരമല്ല.

വി.ഇ.ഒ പയ്യാവൂർ സർക്കിൾ നിർവഹണം നടത്തിയ, വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ (പ്രൊജക്ട് നം. 71/24) എന്ന പ്രോജക്ടിന്റെ ഭാഗമായി 503 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം ശേഖരിച്ചിട്ടുണ്ട് (@230). ഇതിൽ 200 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഗുണഭോക്തൃവിഹിതം അടച്ചതിനുള്ള രശീതി നല്കിയിട്ടുള്ളത്. ബാക്കി 303 ഗുണഭോക്താക്കൾക്ക് രശീതി നല്കാതെയാണ് ഗുണഭോക്തൃവിഹിതം ശേഖരിച്ചത്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി 29.10.24 ന് നൽകിയ 45ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രശീത് ബുക്ക് ലഭ്യമല്ലാത്തതിനാലാണ് 303 ഗുണഭോക്താക്കളിൽ നിന്ന് രശീത് നൽകാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതെന്നാണ് അറിയിച്ചത്. രശീത് നൽകാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ക്രമപ്രകാരമല്ല. സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ൽ സമർപ്പിക്കപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്.
പയ്യാവൂർ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21.10.24) സെക്രട്ടറി നല്കിയ മറുപടിയിൽ യോഗ്യതയുള്ളവരെ ലഭിക്കാത്തതിനാൽ ഫീൽഡ് തല പരിശോധന നടത്തുന്നതിന് സാധിച്ചില്ലെന്നാണ് അറിയിച്ചത്.
വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വസ്തു നികുതി നിർണ്ണയത്തിൽ ഉയർന്നതരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15%

**വർദ്ധനവ് കണക്കാക്കിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ടെങ്കിലും ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തിയിട്ടില്ല.

| വാർഡ് നം/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറവിസ്തീർണം (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|
| 10/705 A,B,C,D,E,F,G,H | ഷീജ വാരിയാട്ട് | 634.26 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ |
| 11/597 A,B,C,D,E,F,G,H,I,J,K,L,M,N,ONP, Q,R,S,T,U,V,W,X,Y | കപ്പവ വീട്ടിൽ ശിവജി | 524.26 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ |
| 12/46 A,B,C,D,E,F,G,H,I,J,K | പ്രസിഡൻറ് എൻ.എസ്.എസ് കരയോഗം | 414.23 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| 10/273 B,C,D,E | ഇലവുംമുറിയിൽ ഉതുപ്പ് | 288.9 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ വരെയുള്ളവ |

മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതിയിന്മേൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാത്തതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/25.10.24) മറുപടിയായി ഓരോ മുറിക്കും പ്രത്യേകം നമ്പർ അനുവദിക്കുമ്പോൾ മേൽത്തരം തറയുടെ അടിസ്ഥാനത്തിലുള്ള നികുതി നിരക്ക് വർദ്ധനവ് വരുത്താൻ സോഫ്റ്റ്‌വെയറിൽ ഓപ്ഷൻ ഇല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസ്തുത വിഷയം IKM ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-14 വ്യത്യസ്ത ഉപവിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ നികുതി നഷ്ടം - വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്**

സ.ഉ(അച്ചടി)നം.25/2023/ത.സ്വ.ഭ.വ. തീ.05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |

| | | | |
|---|---|---|---|
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പയ്യാവൂർ ഗ്രാമപഞ്ചായത്ത് 21.07.2023 തീയതിയിൽ SC2 - 2511/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3,4 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,8,40,55 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകളും പരിശോധിച്ചതിൽ ഒരു വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾ "ഉടമസ്ഥൻ താമസിക്കുന്ന കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം |
|---|---|---|
| 10/22 D,E,F,G | മുല്ലോളി ബാലൻ | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |

ഒരു വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾ "ഉടമസ്ഥൻ താമസിക്കുന്ന കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/25.10.24) മറുപടിയായി മേൽ കെട്ടിടത്തിന് കെട്ടിട നികുതി ഈടാക്കുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഓപ്ഷൻ നിലവിലില്ലായിരുന്നുവെന്നും ഈ സാമ്പത്തിക വർഷം നിലവിൽ വന്ന അപ്ഡേഷൻ പ്രകാരം നികുതി പുനർനിർണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി പരിഷ്കരണം -നികുതി നിർണ്ണയത്തിലെ അപാകം-762രൂപ വരവ് നഷ്ടം

സ.ഉ(അച്ചടി)നം.25/2023/ത.സ്വ.ഭ.വ. തീ.05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവുംകുറഞ്ഞ നിരക്ക്(₹) | ഏറ്റവുംകൂടിയ നിരക്ക്(₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |

| | | | |
|---|---|---|---|
| 4 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പയ്യാവൂർ ഗ്രാമപഞ്ചായത്ത് 21.07.2023 തീയതിയിൽ SC2 - 2511/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3,4 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,8,40,55 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടത്തെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി (₹) | ഈടാക്കിയ വസ്തുനികുതി (₹) | *കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|---|---|
| 6/498 C | തോണിക്കുഴിയിൽ കര്യൻ സെബാസ്റ്റ്യൻ | 345.69 (താഴത്തെ നില 220.65ച.മീ, ഒന്നാം നില 125.04ച മീ) | വീട് | മേൽപട്ടികയിലെ ക്രമനമ്പർ 1 | മേൽപട്ടികയിലെ ക്രമനമ്പർ 2 | @₹8<br>345.69x8 =2765.52<br>മേഖല ഇളവ്(-) =276.552<br>തറനിർമ്മിതി വർദ്ധനവ്(+) =414.828<br>ആകെ=2904<br>ലൈബ്രറി സെസ്(5%)=145<br>**ലൈബ്രറിസെസ് ഉൾപ്പെടെ ആകെ**<br>2904+145=**3049** | @₹6<br>345.69x6=2074.14<br>മേഖല ഇളവ്(-) =207.414<br>തറ നിർമ്മിതി വർദ്ധനവ്(+) =311.121<br>ആകെ=2178<br>ലൈബ്രറി സെസ്(5%)= 109<br>**ലൈബ്രറി സെസ് ഉൾപ്പെടെ ആകെ**<br>2178+109 = **2287**,<br>രസീത് നം. 1230102307/16.11.23 | 762 * |

*സഞ്ചയയിൽ തുക ഓട്ടോമാറ്റിക് ആയി റൗണ്ട് ചെയ്യുന്നതിനാൽ കുറവ് തുക കണക്കാക്കിയതിൽ നേരിയ വ്യത്യാസം ഉണ്ടാകുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/25.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടത്തിൽ നിന്ന് വസ്തുനികുതി ഇനത്തിൽ കുറവ് വന്ന 762 രൂപ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1/19 | 116 ച മീ | ഫാദർ, സെൻറ് ജോർജ്ജ് ചർച്ച് | പാർപ്പിടാവശ്യം |
| 2 | 2/147 | 66.24 ച മീ | ബോബി മാത്യൂ | പാർപ്പിടാവശ്യം |
| 3 | 2/274 | 83 ച മീ | പുതിയേടത്ത്ചാലിൽ ദേവസ്യ | പാർപ്പിടാവശ്യം |
| 4 | 2/288 | 90 ച മീ | മദർ സുപ്പീരിയർ, ഫാത്തിമഗിരി കോൺവെന്റ് | പാർപ്പിടാവശ്യം |
| 5 | 2/436 | 72 ച മീ | പൂണോലിൽ ത്രേസ്യ | പാർപ്പിടാവശ്യം |
| 6 | 2/437 | 72 ച മീ | പുതുപറമ്പിൽ ചിന്നമ്മ | പാർപ്പിടാവശ്യം |
| 7 | 3/111 | 95 ച മീ | നീണ്ടശ്ശേരി ഏലിയാമ്മ | പാർപ്പിടാവശ്യം |
| 8 | 3/330 | 75 ച മീ | പാറേമാക്കൽ മാത്യൂ | പാർപ്പിടാവശ്യം |
| 9 | 4/201 | 63.8 ച മീ | പുതിയപാറയിൽ ബെന്നി | പാർപ്പിടാവശ്യം |
| 10 | 4/291 | 73.75 ച മീ | തെങ്ങിൻരയരോത്ത് ഗംഗാധരൻ | പാർപ്പിടാവശ്യം |
| 11 | 4/434 | 76.32 ച മീ | മാത്യൂ പുതിയപറമ്പിൽ | പാർപ്പിടാവശ്യം |
| 12 | 5/82 | 90 ച മീ | പേണ്ടാനത്ത് ദേവസ്യ | പാർപ്പിടാവശ്യം |
| 13 | 6/11 | 85 ച മീ | ചോക്കാട്ട് ജോസഫ് | പാർപ്പിടാവശ്യം |
| 14 | 6/273 | 74 ച മീ | മാത്യൂ ഏണിയേക്കാട്ട് | പാർപ്പിടാവശ്യം |
| 15 | 7/37 | 65.92 ച മീ | ജോസഫ് നിരപ്പേൽ | പാർപ്പിടാവശ്യം |
| 16 | 7/55 | 64 ച മീ | എസ് കെ കുഞ്ഞിരാമൻ നായനാർ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 17 | 7/394 | 67.2 ച മീ | മല്ലിശ്ശേരി കണ്ണൻ | പാർപ്പിടാവശ്യം |
| 18 | 8/155 | 114.84ച മീ | മാരിപുറത്ത് അബ്രഹാം | പാർപ്പിടാവശ്യം |
| 19 | 8/315 | 72 ച മീ | ചേലനിരപ്പേൽ ടോമി | പാർപ്പിടാവശ്യം |
| 20 | 8/432 | 87 ച മീ | പുതുക്കുളത്തിൽ സുരേന്ദ്രൻ | പാർപ്പിടാവശ്യം |
| 21 | 8/436 | 67 ച മീ | തോണക്കര കുര്യൻ | പാർപ്പിടാവശ്യം |
| 22 | 8/481 | 64 ച മീ | പഴയിടത്ത് അന്നമ്മ | പാർപ്പിടാവശ്യം |
| 23 | 9/302 | 82.05 ച മീ | ക്ലാര ചാലിൽ | പാർപ്പിടാവശ്യം |
| 24 | 9/314 | 104ച മീ | ലിജി ജോമോൻ വാക്കച്ചാലിൽ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 25 | 10/194 | 88 ച മീ | എടവൻഎടത്തിലെവീട്ടിൽ ചന്ദ്രമോഹനൻ | പാർപ്പിടാവശ്യം |
| 26 | 10/309 | 76 ച മീ | ജോൺ കുര്യൻ | പാർപ്പിടാവശ്യം |
| 27 | 10/354 | 70 ച മീ | ചാക്കോ കപ്പകാലായിൽ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 28 | 10/591 | 86 ച മീ | ജോസഫ് പുളിയാമ്പള്ളിൽ | പാർപ്പിടാവശ്യം |
| 29 | 11/341 | 77 ച മീ | തങ്കപ്പൻ | പാർപ്പിടാവശ്യം |
| 30 | 11/402 | 70 ച മീ | മധു കൈതേരിരാമത്ത് | പാർപ്പിടാവശ്യം |
| 31 | 12/567 | 64 ച മീ | രവി പൊക്ലി | പാർപ്പിടാവശ്യം |
| 32 | 12/689 | 64 ച മീ | അറയ്ക്കൽ ചാക്കോ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 33 | 13/22 | 63 ച മീ | ജോർജ് പ്രാക്കുഴിൽ | പാർപ്പിടാവശ്യം |
| 34 | 13/115 | 89 ച മീ | വിൽസൺ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 35 | 13/244 | 99 ച മീ | എം.ജെ സാവിയോ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 36 | 13/284 | 88 ച മീ | രാമകൃഷ്ണൻ തലച്ചിറ | പാർപ്പിടാവശ്യം |
| 37 | 13/392 | 62.65 ച മീ | പെരുഞ്ചില്ലി ബാലകൃഷ്ണൻ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 38 | 14/404 | 71 ച മീ | ശാരദ കിഴക്കേപുരയിൽ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 39 | 14/405 | 66 ച മീ | ഗോപി മൂത്തേടത്ത് | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |

| | | | | |
|---|---|---|---|---|
| 40 | 15/23 | 64 ച മീ | നാരായണൻ എളയിടത്ത് | പാർപ്പിടാവശ്യം |
| 41 | 15/32 | 79 ച മീ | കല്യാണി മല്ലിശ്ശേരി | പാർപ്പിടാവശ്യം |
| 42 | 15/48 | 72 ച മീ | സോമിച്ചൻ വടക്കെമുറിയിൽ | പാർപ്പിടാവശ്യം |
| 43 | 15/145 | 84 ച മീ | സിസ്റ്റർ. ലൂസിയ | പാർപ്പിടാവശ്യം |
| 44 | 15/165 | 64 ച മീ | ചെരുവിൽ വിൽസൺ | പാർപ്പിടാവശ്യം |
| 45 | 15/271 | 105 ച മീ | പടിഞ്ഞാറെ ആനിശേരിയിൽ ജിമ്മി | പാർപ്പിടാവശ്യം |
| 46 | 15/417 | 61 ച മീ | മടക്കക്കുഴി മാത്യൂ | പാർപ്പിടാവശ്യം |
| 47 | 16/26 | 75.75 ച മീ | സനൽ മങ്കുടി | പാർപ്പിടാവശ്യം |
| 48 | 16/86 | 63.36 ച മീ | തെക്കേവീട്ടിൽ രാജൻ | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/25.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്/ഇളവ് നൽകിയതിന്റെ കാരണം ലഭ്യമാക്കേണ്ടതും നികുതി ഇളവിന് അർഹത ഇല്ലാത്ത കെട്ടിടങ്ങളാണെങ്കിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. നികുതി ഇളവ് അനുവദിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് വകുപ്പ് സെക്ഷൻ 207 പ്രകാരം, കേന്ദ്ര-സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളേയും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളേയും വസ്തുനികുതി, ഉപനികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ് .എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ, സർക്കാരിന്റെ അംഗീകാരം ഉള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി **ഇളവ്** ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം താഴെ നല്കിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തുനികുതി, ഉപനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്നമ്പർ/ കെട്ടിട നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 12/799 | സെൻറ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പയ്യാവൂർ | 3200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/25.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2023 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയവും അംഗീകാരമില്ലാത്ത ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മേൽ പരാമർശിച്ച വിദ്യാലയങ്ങളിൽ നിന്ന് നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ടർഫ്, ജിംനേഷ്യം എന്നിവയിൽ നിന്നും നികുതി ഈടാക്കേണ്ടത് -സംബന്ധിച്ച്.

സ.ഉ(പി)നം.25/2023/തസ്വഭവ, 05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക്(₹) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യസ്വഭാവത്തോടു കൂടിയവ) | 25 | 45 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പയ്യാവൂർ ഗ്രാമപഞ്ചായത്ത് 21.07.2023 തീയതിയിൽ SC2-2511/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് ₹25 ആയി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ജിംനേഷ്യങ്ങളുടെയും ടർഫുകളുടെയും വിവരങ്ങളും പ്രസ്തുത കെട്ടിടങ്ങൾ മറ്റ് വിഭാഗങ്ങളിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഭാഗങ്ങളിൽ പെടുന്ന നിർമ്മിതികൾ ഉണ്ടെങ്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ റിസോർട്ട് ഗണത്തിൽപ്പെട്ട 2 കെട്ടിടങ്ങളാണുള്ളത് (കെട്ടിട നം.2/342 C, 2/401 A,B,C,D). എന്നാൽ ഗൂഗിൾ മാപ്പ് മുഖേന പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട, കണ്ണൂർ ജില്ലയിലെ പ്രധാന വിനോദ സഞ്ചാര മേഖലയായ കാഞ്ഞിരക്കൊല്ലിയിൽ ചുവടെ ചേർത്ത റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

1. വനമൗലി റിസോർട്ട്

2. അളകാപുരി റിസോർട്ട്

3. ഉടുമ്പ ഹിൽ വ്യൂ റിസോർട്ട്

4. അരുവി റിസോർട്ട്

5. ചെമ്പോഴിമറ്റം റിസോർട്ട്

എന്നാൽ പ്രസ്തുത റിസോർട്ടുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. റിസോർട്ടുകളുടെ കെട്ടിട നമ്പർ.

2. സഞ്ചയയിൽ റിസോർട്ടുകളെ ഉൾപ്പെടുത്തിയ കെട്ടിടഗണം.

3. റിസോർട്ടുകൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ.

4. മേൽ പരാമർശിച്ചവയല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ മറ്റ് റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ.

ഇവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/25.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 2/405 B കെട്ടിടത്തിന്റെ ലോഡ്ജിന്റെ ലൈസൻസ് മാറ്റി റിസോർട്ടിന്റെ ലൈസൻസ് ആക്കി നൽകാൻ കെട്ടിട ഉടമയായ ശ്രീ ബിജു മാത്യു 18.03.24 തീയതിയിലെ അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളെ സംബന്ധിച്ച് മേൽ ആവശ്യപ്പെട്ട വിശദാംശങ്ങളും (രേഖകൾ സഹിതം) 2/405 B കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമായി രേഖപ്പെടുത്തി വസ്തു നികുതി ഈടാക്കി - ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം വരാൻ സാധ്യത

പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ 2023-24 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകളിലെ വിവരങ്ങളുമായി ഒത്തു നോക്കിയപ്പോൾ ഏതാനം കെട്ടിടങ്ങളുടെ ഉപയോഗക്രമം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമായാണ് ഉൾപ്പെടുത്തിയതെന്ന് കാണാൻ സാധിച്ചു.

ഉപയോഗക്രമം വ്യത്യസ്തമായി രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 47/29.10.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/ കെട്ടിട നമ്പർ | ഉപയോഗക്രമം | മറുപടി പ്രകാരമുള്ള നടപടിക്രമം |
|---|---|---|---|---|---|
| 163 | ബാബു സിറിയക് | ഭക്ഷണ സാധനങ്ങൾ | 5/120 | വ്യവസായാവശ്യ ത്തിനുള്ളവ | ഒക്യുപ്പേഷൻ മാറ്റുന്നതിനുള്ള |

| | | | | | |
|---|---|---|---|---|---|
| | | വിതരണം | | -കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | നടപടികൾ സ്വീകരിക്കുന്നതാണ് |
| 459 | സിബിയൻ ടി എസ് | പലചരക്ക് കച്ചവടം | 4/231 | പാർപ്പിടാവശ്യം | ഒക്യുപേഷൻ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 487 | ബെന്നി ചാക്കോ | പലചരക്ക് കച്ചവടം | 9/327 | സഞ്ചയയിൽ ലഭ്യമല്ല | ലൈസൻസ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

മേൽ പരാമർശിച്ച ക്രമ നമ്പർ 163, 459 എന്നീ കെട്ടിടങ്ങളിൽ നിന്ന് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ക്ഷീരോൽപാദക സഹകരണ സംഘം, പയ്യാവൂർ | I,II |
| ന്യൂ ഇന്ത്യ അഷ്വറൻസ്, പയ്യാവൂർ | I,II |
| ബി എസ് എൻ എൽ, പയ്യാവൂർ * | I,II |

* ബി എസ് എൻ എൽ, പയ്യാവൂരിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/16.08.24) മറുപടിയായി തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 നികുതികളായി കിട്ടേണ്ട തുക വസൂലാക്കൽ-വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല).
എന്നാൽ തൊഴിൽ നികുതിയിനത്തിൽ ഒരു അർദ്ധവർഷം നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നതിന് 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും ഐ എൽ ജി എം എസ് ലെ ചിട്ട രജിസ്റ്ററും പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

**1) ജീവനക്കാരുടെ തൊഴിൽ നികുതി**

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | തൊഴിൽ നികുതി തുക, രസീത് നമ്പർ | ഈടാക്കിയ പിഴ (₹) | ഈടാക്കേണ്ട പിഴ (₹) | പിഴയിനത്തിലെ കുറവ്(₹) |
|---|---|---|---|---|---|
| ശ്രീകൃഷ്ണ പോളി ക്ലിനിക് | 2023-24 - I | 10700/- 1230102145/02-11-23 | 214 | 642 | 428 |
| ഇ ടി ചിക്കൻ ഫാം, മണിക്കടവ് | 2023-24 - I | 1140/- 1230106438/21-03-24 | 68 | 160 | 92 |
| ഭാരത് മോട്ടാർസ് | 2023-24 - I | 1050/- 1230107158/27-03-24 | 63 | 147 | 84 |
| കുന്നത്തൂർ സ്റ്റോൺ ക്രഷർ | 2023-24 - I | 4150/- 1230105983/15-03-24 | 249 | 582 | 332 |
| ഡെല്ലാസ് ഡെന്റൽ ക്ലിനിക് | 2023-24 - I | 1550/- 1230106014/ 15-03-24 | 93 | 217 | 124 |
| ജൂബിലി ടെക്സ്റ്റൈൽസ് | 2023-24 - I | 1350/- 1230106141/ 18-03-24 | 81 | 189 | 108 |
| പൈസക്കരി കള്ള് ഷാപ്പ് | 2023-24 - I | 1800/- 1230105600/07-03-24 | 108 | 252 | 144 |
| | | | | ആകെ | ₹1312 |

കൂടാതെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാൻ കാലതാമസം വരുത്തിയ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കേണ്ട പിഴ(₹) |
|---|---|---|---|
| സെന്റ് സ്റ്റീഫൻ വുഡ് ഇൻഡസ്ട്രീസ് | 2023-24 - I | 2040/- 1230105789/12-03-24 (രണ്ട് അർദ്ധ വർഷത്തെ തുക) | 143 (14% (1020)) |
| നോവ ഡെന്റൽ കെയർ | 2023-24 - I | 2360/- 1230105397/04-03-24 (രണ്ട് അർദ്ധ വർഷത്തെ തുക) | 165 (14% (1180)) |
| | | ആകെ | ₹308 |

**2) സ്ഥാപന തൊഴിൽ നികുതി**

സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ കാലതാമസം വരുത്തിയ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് പിഴ

ഈടാക്കിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കേണ്ട പിഴ (₹) |
|---|---|---|---|
| ദേവമാതാ ഹയർ സെക്കണ്ടറി സ്കൂൾ | 2023-24 - I | 2500/- 1230106086/16-03-24 (രണ്ട് അർദ്ധ വർഷത്തെ തുക) | 175 (1250x14%) |
| ട്രിനിറ്റി ഇംഗ്ലീഷ് അക്കാദമി | 2023-24 - I | 2500/- 1230105554/06-03-24 (രണ്ട് അർദ്ധ വർഷത്തെ തുക) | 175 (1250x14%) |
| ഓഡിറ്റോറിയം (ജോജോ മാത്യൂ) | 2023-24 - I | 2500/- 1230105311/02-03-24 (രണ്ട് അർദ്ധ വർഷത്തെ തുക) | 175 (1250x14%) |
| NLP Paul's Minds Eye Academy | 2023-24 - I | 2500/- 1230105267/01-03-24 (രണ്ട് വർഷത്തെ തുക) | 175 (1250x14%) |
| ക്രസ്റ്റ് ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് | 2023-24 - I | 2500/- 1230106914/26-03-24 (രണ്ട് അർദ്ധ വർഷത്തെ തുക) | 175 (1250x14%) |
| | | ആകെ | ₹875 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/25.10.24) മറുപടിയായി മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് ചട്ട പ്രകാരമുള്ള പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

## 1-23 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2023-24 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 20 | തുളുവനാനിക്കൽ ഗോട്ട് ഫാം | 4 |
| 390 | ഫുഡ് വേൾഡ് | 4 |
| 398 | ജെ എസ് ഇൻഡസ്ട്രീസ് | 2 |
| 440 | മൗണ്ടൻ വ്യൂ റിസോർട്ട് | 2 |
| 468 | എവർ ഗ്രീൻ ഹൈപ്പർ മാർക്കറ്റ് | 4 |
| 473 | നീതി മെഡിക്കൽ സെന്റർ | 5 |
| 523 | സഹകാർ സേവാ കേന്ദ്രം | 2 |
| 555 | ലാൽ ലക്ഷ്മി ടെക്സ്റ്റൈൽസ് | 2 |
| 563 | അഞ്ജലി ബ്യൂട്ടി പാർലർ | 2 |

| | | |
|---|---|---|
| 574 | വിറ്റാലി ബ്യൂട്ടി സലൂൺ | 5 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് നല്കിയിട്ടും റിട്ടേൺ സമർപ്പിക്കാത്തതാണെങ്കിൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി പരിധിയിൽ വരുന്നവരാണോ എന്ന് പരിശോധിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പൊട്ടിച്ച് നീക്കിയ പാറകൾ, നിർമ്മാണത്തെ തുടർന്ന് അധികം വന്ന മണ്ണ്, മുറിച്ച് മാറ്റിയ മരത്തടികൾ, വിവിധ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വസ്തുക്കൾ എന്നിവ ലേലം ചെയ്തിട്ടില്ല

പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിൽ നിന്നും പുഴ, തോട് പുറമ്പോക്കുകളിൽ നിന്നും അപകടഭീഷണി കാരണവും മറ്റ് കാരണങ്ങളാലും പാറകൾ പൊട്ടിച്ച് നീക്കുകയും നിരവധി മരങ്ങൾ മുറിച്ച് മാറ്റുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ വിവിധ തീയതികളിലെ തീരുമാനപ്രകാരം ഇവയിൽ ചിലത് ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതി തീരുമാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഭരണസമിതി തീരുമാനം നമ്പർ,തീയതി | തീരുമാനത്തിന്റെ സംക്ഷിപ്തം |
|---|---|---|
| 1 | 17-05-2023 തീയതിയിലെ തീരുമാനം നമ്പർ-171 | പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള എം.സി.എഫിന് ഭീഷണിയായ 15 ഇഞ്ച് വണ്ണമുള്ള വട്ടമരം മുറിച്ച് മാറ്റേണ്ടതു സംബന്ധിച്ച്. |
| 2 | 08-06-2023 തീയതിയിലെ തീരുമാനം നമ്പർ-186 | പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അംഗൻവാടികൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് (മരങ്ങളുടെ പേര് വ്യക്തമാക്കിയിട്ടില്ല) |
| 3 | 08-06-2023 തീയതിയിലെ തീരുമാനം നമ്പർ-191 | 12/422 B നമ്പർ കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന, പഞ്ചായത്ത് മാർക്കറ്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന പാറോമരം മുറിച്ച് നീക്കുന്നത് സംബന്ധിച്ച് |
| 4 | 21-07-2023 തീയതിയിലെ തീരുമാനം നമ്പർ-237 | ഏറ്റുപാറ എരങ്കോൽതട്ട് എന്ന സ്ഥലത്തുനിന്നും പൊട്ടിച്ച് നീക്കിയ പാറകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് |
| 5 | 25-10-2023 തീയതിയിലെ തീരുമാനം നമ്പർ-308 | വിവിധ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള ചുവടെ ചേർത്ത സാധനങ്ങൾ അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. യുടെ വാല്യേഷൻ പ്രകാരം ലേലം ചെയ്യുന്നത് സംബന്ധിച്ച്<br>1)വാതിൽമട തുടർ വിദ്യാകേന്ദ്രം-ആസ്ബറ്റോസ് ഷീറ്റ്<br>2) എലിക്കളം വനിതാ മീറ്റിംഗ് ഹാൾ-ആഞ്ഞിലി വുഡ്, ജാക്ക് വുഡ് ഫ്രെയിം<br>3)പി.എച്ച്.സി ചന്ദനക്കാംപാറ- ആഞ്ഞിലി വുഡ്,ജാക്ക് വുഡ്, ആസ്ബറ്റോസ് ഷീറ്റ്, എം.എസ്.ഗ്രിൽ |
| 6 | 12-01-2024 തീയതിയിലെ തീരുമാനം നമ്പർ-8 | പയ്യാവൂർ ജി.യു.പി സ്കൂളിൽ ഗ്രൗണ്ട് ലെവലിങ്ങും ചുറ്റുമതിൽ നിർമ്മാണവും പ്രവൃത്തിക്കു ശേഷം അധികം വന്ന മണ്ണ് ലേലം ചെയ്യുന്നത് സംബന്ധിച്ച്. |

ലേല രജിസ്റ്ററിൽ മേൽ പരാമർശിച്ചവ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/28.10.24) മറുപടിയായി മേൽ പട്ടികയിലെ ക്രമ നം.4 ഏറ്റുപാറ എരങ്കോൽതട്ട് എന്ന സ്ഥലത്തുനിന്നും പൊട്ടിച്ച് നീക്കിയ പാറകൾ യഥാ സ്ഥലത്ത് തന്നെ സ്റ്റോക്ക് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം.4 ൽ പരാമർശിച്ച വസ്തുക്കൾ ലേലം ചെയ്യുന്നതിനായി 13.12.23 തീയതിയിൽ ലേലവും 10.05.24, 22.06.24 തീയതികളിൽ പുനർ ലേലവും നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്നും ക്രമ നം.6 ൽ പരാമർശിച്ച മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.
മേൽ പട്ടികയിൽ പരാമർശിച്ച വസ്തുക്കൾ ലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പി വി സി വാട്ടർ ടാങ്ക് - വിതരണ രേഖകൾ ഹാജരാക്കിയില്ല- ₹6984 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 60/24, പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക്പി വി സി വാട്ടർ ടാങ്ക് |
| അടങ്കൽ | ₹760500 (ധനകാര്യ കമ്മീഷൻ അവാർഡ്, ടൈഡ് ഫണ്ട്) |
| ചെലവ് | ₹666972 (ബിൽ നമ്പർ: 450/24-03-24 – എ സി ആർ പ്രകാരം) |

പദ്ധതി പ്രകാരം പ്രോക്സിമ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും ₹666972 ക്ക് ഇൻവോയിസ് നം GST/23-24/038/22-03-24 പ്രകാരം 191 വാട്ടർ ടാങ്കുകൾ 3492 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. 191 ടാങ്കുകൾ വാങ്ങിയതിൽ 189 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 2 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/28-10-24 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ 2 പേരുകൾ ഇരട്ടിപ്പായി വന്നതിനാലാണ് വിതരണം നടത്താൻ സാധിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഊരുകൂട്ടത്തിന്റെയും ഭരണസമിതിയുടെയും അംഗീകാരം വാങ്ങി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാത്തതിനാൽ ആയതിന്റെ വിലയായ ₹6984 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - മാർഗ്ഗ രേഖ നിബന്ധനകൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 47/24, തെരുവ് വിളക്കുകളുടെ റിപ്പയർ എ എം സി |
| അടങ്കൽ | 300000/- (തനത് ഫണ്ട് ) |
| ചെലവ് | 89000/ബിൽ നമ്പർ: 374/24-02-24 |

പയ്യാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് പ്രവ്യത്തിയുമായി ബന്ധപ്പെട്ട് പ്രവ്യത്തിക്കായി ടെൻഡർ സമർപ്പിച്ച ശ്രീ ലിജിൻ സി അടങ്കൽ തുകയുടെ 11% കുറവ് ക്വോട്ട് ചെയ്തത്. ശ്രീ ലിജിൻ സി. യുടെ ടെണ്ടർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം നം 2/205/23/30-06-23 പ്രകാരം യൂണിറ്റിന് 500രൂപ നിരക്കിൽ അംഗീകരിച്ചിട്ടുണ്ട്. ശ്രീ ലിജിൻ സി എന്ന കരാറുകാരനുമായി ഒപ്പുവച്ച എഗ്രിമെന്റിൽ (എഗ്രിമെന്റ് നം 14/2023-24 / തിയ്യതി ഇല്ല.) കരാർ കാലാവധി 31-12-24 വരെയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കരാറിലേർപ്പെട്ടതിലുണ്ടായ അപാകങ്ങൾ താഴെ കൊടുക്കുന്നു.

ഭരണസമിതി തീരുമാന പ്രകാരം യൂണിറ്റിന് 500 രൂപ നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളതെങ്കിലും ശ്രീ ലിജിൻ സി എന്ന കരാറുകാരനുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രൊജക്ട് കോസ്റ്റിന്റെ 11% കുറവ് തുകക്ക് ആനുപാതികമായി കരാർ തുക 3 ഗഡുക്കളായി നൽകണം എന്നാണ് വ്യവസ്ഥ ചെയ്തത്. എന്നാൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിവരം കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിൽ കരാർ തുക, കരാറിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ എണ്ണം എന്നിവയും തെരുവ് വിളക്ക് റിപ്പയർ എ എം സി യുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ മറ്റ് നിബന്ധനകളും ഉൾപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഡി എ 3/2011/ തസ്വഭവ *18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ* 2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധ വസ്തുക്കളുടെയും വിശദാംശങ്ങൾ, രേഖപ്പെടുത്തേണ്ടതും തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബിയിലെയും അധികാരികൾ സംയുക്ത പരിശോധനനടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിലും കരാറിലും പരാമർശിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 50/29-10-24) ഹാജരാക്കിയ മറുപടിയിൽ ഭരണസമിതി മിനുട്സിൽ 11% കുറവ് എന്നത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും കരാറിൽ കരാർ തുക, കരാറിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ എണ്ണം, മറ്റ് നിബന്ധനകൾ എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മാർഗ്ഗരേഖാ നിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-27 കുടിവെള്ള സംരക്ഷണാർത്ഥം ചെക്ക് ഡാം നിർമ്മിക്കൽ -പദ്ധതി പൂർത്തീകരിച്ചില്ല. ₹12,60,000 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 200/24, മൂരിക്കടവ് പുഴയിൽ കുടിവെള്ള സംരക്ഷണാർത്ഥം ചെക്ക് ഡാം നിർമ്മിക്കൽ (സ്പിൽ ഓവർ) |
| നിർവ്വഹണ രീതി | നിക്ഷേപ പ്രവൃത്തി, മൈനർ ഇറിഗേഷൻ വകുപ്പ് |
| അടങ്കൽ | ₹21,00,000 വികസന ഫണ്ട് – ധനകാര്യകമ്മീഷൻ ടൈഡ് |
| ചെലവ് | ₹12,60,000 (ബിൽ നമ്പർ , തീയതി 248/28-03-24) |
| എസ്റ്റിമേറ്റ് തുക | ₹4800000 |

ഫെബ്രുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ വളപട്ടണം പുഴയുടെ പ്രകൃതിദത്തമായ കൈവഴികളിൽ ഒന്നായ മൂരിക്കടവ് പുഴയിലെ ഒഴുക്ക് വളരെ കുറയും. ആയതിനാൽ പയ്യാവൂർ പഞ്ചായത്തിന്റെ മൂരിക്കടവ് പുഴയിൽ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിന് ചെക്ക് ഡാം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നിക്ഷേപ പ്രവൃത്തി ആയിട്ടാണ് മേൽ പരാമർശിച്ച ബഹുവർഷ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ആയതിന്റെ ഭാഗമായി 27 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം ചെക്ക് നമ്പർ 695407/21-03-23 മുഖേന 8443-00-108-00-00-00-V(PW Deposit എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരുന്നു.

പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുകയായ 48 ലക്ഷം രൂപയിൽ നൽകുവാൻ അവശേഷിക്കുന്ന 21 തുക ലക്ഷം രൂപ നല്കുന്നതിനായാണ് തൻവർഷം പ്രോജക്ട് തയ്യാറാക്കിയത്. ₹12,60,000 2023-24 സാമ്പത്തിക വർഷം ഇതേ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്.

14-03-2023 തീയതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മൈനർ ഇറിഗേഷൻ വകുപ്പ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഏർപ്പെട്ട കരാർ പ്രകാരം പദ്ധതിയുടെ കാലാവധി തീയതി 31-05-2024 വരെയാണ്. കരാർ കാലാവധി പൂർത്തിയായിട്ടും ഇതേവരെയും പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല. കരാർ ഖണ്ഡിക നമ്പർ 11 പ്രകാരം എസ്റ്റിമേറ്റ് തുക (48 ലക്ഷം രൂപ) മുഴുവനും വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ ഡിപ്പാർട്ട്മെൻറ് സാങ്കേതിക അനുമതി ലഭ്യമാകുകയുള്ളൂ. കൂടാതെ ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനും തുക മുഴുവൻ കൈമാറേണ്ടതുണ്ട്.

കരാറിലെ ഖണ്ഡിക നമ്പർ 12 പ്രകാരം വർക്കിംഗ് പീരിയഡ് ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങൾ ആണ്. മൈനർ ഇറിഗേഷൻ വകുപ്പിന്റെ 07-03-2023 തീയതിയിലെ ഫീസബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം 23 മീറ്റർ വീതിയിലും 150 മീറ്റർ നീളത്തിലും 1.50 മീറ്റർ ഉയരത്തിലും ജലം സംഭരിക്കാൻ കഴിയും എന്നും ഏകദേശം 100 ൽ അധികം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ വകുപ്പ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ചെക്ക് ഡാം നിർമ്മിക്കുന്നത് ജലസേചന ആവശ്യത്തിനാണ് എന്ന് പറയുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് വ്യക്തത വരുത്തുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന്ഹാജരാക്കിയ മറുപടിയിൽ താഴെപറയുന്ന പരാമർശങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുകയുണ്ടായില്ല.

1. ലഭ്യമാക്കിയ പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ പ്രകാരം പയ്യാവൂർ പഞ്ചായത്തിലെ പയ്യാവൂരിൽ മൂരിക്കടവ് പുഴയ്ക്ക് കുറുകെ വെന്റഡ് ക്രോസ് ബാർ നിർമിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സാധാരണ ഗതിയിൽ VCB നിർമ്മിക്കുന്നത് ജലസേചന ആവശ്യാർത്ഥമാണ്. ചെക്ക് ഡാമുകൾക്ക് ഭൂജല പരിപോഷണം, ജലസംഭരണം എന്നീ 2 ധർമ്മങ്ങൾ ആണുള്ളത്. പദ്ധതിയുടെ വിശദമായ DPR ലഭ്യമല്ല. പ്രൊജക്ട് നടപ്പിലാക്കുന്നതിലൂടെ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

2. മൈനർ ഇറിഗേഷൻ വകുപ്പ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ2-860/2024/13-06-24നമ്പർ കത്തിൽ എസ്റ്റിമേറ്റ് തുകയിൽ അടക്കാൻ ബാക്കിയുള്ള ₹ 8,40,000 അടവാക്കിയാൽ മാത്രമേ സാങ്കേതികാനുമതി അനുവദിക്കാനും തുടർ നടപടി സ്വീകരിക്കാനും സാധിക്കുകയുള്ളൂ എന്നും അല്ലാത്തപക്ഷം കരാർ റദ്ദു ചെയ്യുന്നതായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ചെക്ക് ഡാം നിർമ്മിക്കുന്നതിന് പദ്ധതി പ്രകാരം മുൻകൂറായി ഇതേവരെ (27,00,000+12,60,000) 39,60.000 രൂപ നൽകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31-05-24 ആണ്. കരാർ കാലാവധി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4. സ.ഉ. (കൈ)നം.84/2022/തസ്വഭവ/19-04-22 പ്രകാരം ഖ 12.5.ഡി(iv) പ്രകാരം ഡപ്പോസിറ്റ് വർക്കുകൾ

സമയബന്ധിതമായി പൂർത്തികരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ആയതിന് നിർവ്വഹണ പുരോഗതി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുൻകൂറായി പിൻവലിച്ചത് ശരിയായ നടപടിയല്ല.

നടപടിക്രമങ്ങളിലെ വീഴ്ചകൾ കാരണവും പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാലും തൻവർഷത്തെ ചെലവ് തുകയായ ₹ 12,60,000 തടസ്സപ്പെടുത്തുന്നു.

**1-28 കണ്ണൂർ വിവര സഞ്ചയിക- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല.- ₹5,03,140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

കണ്ണൂർ ജില്ലയുടെ സമഗ്രവിവരങ്ങൾ സഞ്ചയിക മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാക്കുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന കണ്ണൂർ വിവര സഞ്ചയിക പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 199/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹8,26,000 -തനത് ഫണ്ട് |
| ചെലവ് | ₹4,96,000/549/25-03-24<br>₹1780/294/04-01-24<br>₹800/364/20-02-24<br>₹4560/293/04-01-24<br>ആകെ – ₹5,03,140 |

പ്രാദേശികാസൂത്രണം കാര്യക്ഷമമാക്കുന്നതിനായി സ്ഥിതി വിവര കണക്കുകൾ സമാഹരിച്ച് ഡാറ്റാ ബേസ് തയ്യാറാക്കുകയും ഓൺലൈൻ സംവിധാനത്തിലൂടെ ഏത് സമയത്തും ലഭ്യമാവുന്ന തരത്തിൽ വെബ് അധിഷ്ഠിതമായ വിവരങ്ങൾ ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനായി എന്യൂമറേറ്റർമാർ മുഖേന വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയാണ് പദ്ധതി ലക്ഷ്യം. വിവരശേഖരണം നടത്തി ഡാറ്റാ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾക്കും പരിശീലനത്തിനും പ്രചാരണ പ്രവർത്തനങ്ങൾക്കുമായി 2023-24 സാമ്പത്തിക വർഷം ₹ 5,03,140 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വിവര ശേഖരണം നടത്തി എന്യൂമറേറ്റർമാർ തയ്യാറാക്കിയ ഡാറ്റകൾ പരിശോധിച്ച് സൂപ്പർവൈസർ അപ്രൂവൽ നൽകേണ്ടതുണ്ട്. സർവ്വെ നടപടികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും എന്യൂമറേറ്റർമാർ തയ്യാറാക്കിയ ഡാറ്റ പരിശോധിച്ച് സൂപ്പർവൈസർമാർ അപ്രൂവ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹503140 യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-29 സോളാർ വേലി നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചില്ല. ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 91/24, സൗരോർജ്ജ വേലി അധിക നിർമ്മാണം |
| നിർവ്വഹണ രീതി | നിക്ഷേപ പ്രവൃത്തി |
| അടങ്കൽ | ₹18,00,000 വികസന ഫണ്ട് -ജനറൽ<br>₹1,00,000 തനത് ഫണ്ട്.<br>ആകെ: ₹19,00,000 |

| | |
|---|---|
| ചെലവ് | ₹1,00,000-തനത് ഫണ്ട്(ബിൽ നമ്പർ 454/24-03-24) |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും ഡി. പി. ആർ. ,വിശദമായ എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കി ചിറ്ററി മുതൽ അളകാപുരി വെള്ളചാട്ടം വരെയുള്ള 3 കി മീ നീളത്തിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടാണിത്. അക്രഡിറ്റഡ് ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് &കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തിരമാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. 28-02-24 ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും 2.7 കി മീറ്റർ നീളത്തിൽ വേലി നിർമ്മിക്കുന്നതിന് ₹19,93,000 യുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.ആയത് ഭരണ സമിതി തീരുമാനം നമ്പർ 40/24/28-02-24 പ്രകാരം അംഗീകരിക്കുകയും മുഴുവൻ തുകയും കൈമാറി 2 മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ 07-03-24 ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 24-03-24 ന് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ ₹100000 യും 2024-25 വർഷം ₹18,00,000യും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കരാർ കാലാവധി പൂർത്തിയായിട്ടും പദ്ധതിയുമായി ബന്ധപ്പെട്ട ഡി. പി. ആർ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്ന് ലഭിക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട ഡി. പി. ആർ., പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചതിന്റെ രേഖകൾ, കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന് ഇത്തരം പ്രവൃത്തികൾ നടത്തുന്നതിന് അക്രഡിറ്റേഷൻ ലഭിച്ചതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ 25/26-10-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

സ. ഉ. (കൈ)115/2022/തസ്വഭവ/28-05-22 ഖ.3.3 ൽ സോളാർ വേലിയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി & ജില്ലാ കലക്ടർ കണ്ണൂരിന്റെ 707/2022/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ/14/8/23 നമ്പർ ഉത്തരവിൽ സോളാർവേലിയുടെ നിർമ്മാണച്ചെലവ് നിശ്ചയിക്കുന്നതിന് സ. ഉ. 1530/2022/തസ്വഭവ/25-06-22 ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം കിലോമീറ്ററിന് ഏകദേശം 2,50,000 രൂപയാണ് ചെലവ് വരുന്നത്. ആയതിൽ നിന്നും വ്യത്യസ്തമായ നിരക്കിൽ തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ പ്രസ്തുത വിഷയം ശ്രദ്ധയിൽ പെടുത്തിയപ്പോൾ ,ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം കിലോമീറ്ററിന് 2.5 ലക്ഷം രൂപ എന്ന നിരക്ക് തീർത്തും അപര്യാപ്തമാണെന്നും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ് എന്നും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്. അക്രഡിറ്റേഷൻ സംബന്ധിച്ച അവ്യക്തത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കാത്തതിനാലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും തൻവർഷത്തെ ചെലവ് തുകയായ ₹1,00,000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-30 തൊഴിൽ മേള സംഘാടനം -കേരള നോളജ് മിഷനിൽ നിന്നുള്ള വിഹിതം ലഭ്യമാകാത്തതും മറ്റ് അപാകങ്ങളും- 13200രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ , പേര് | 139/24, തൊഴിൽ മേള സംഘാടനം |
| അടങ്കൽ | ₹1,50,000 തനത് ഫണ്ട് |
| ചെലവ് | ₹45250/78/11-07-23<br>₹3000/111/09-08-23<br>₹25240/79/11-07-23<br>₹25000/252/21-12-23<br>₹34700/80/12-07-23<br>ആകെ - ₹1,33,190 |

1.തൊഴിൽ മേള സംഘാടനം എന്ന പ്രൊജക്ടിന്റെ ഭാഗമായി വൗച്ചർ നമ്പർ 80/12-07-23 പ്രകാരം നല്കിയ 34700 രൂപയിൽ ₹13200 ലോഡ്ജിംഗ് സൗകര്യം ഒരുക്കിയതിന് ശ്രീ ജോസ് മാത്യു എന്നവരുടെ പേരിലുള്ള 20270100007231

നമ്പർ അക്കൗണ്ടിലേക്ക് നല്കിയതാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിലെ 095205300000043 നമ്പർ അക്കൗണ്ടാണ് ശ്രീ. ജോസ് മാത്യുവിന്റെ പേരിൽ ഉള്ളത്. ശ്രീ ജോസ് മാത്യുവിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തന്നെയാണ് തുക അനുവദിച്ചിരിക്കുന്നത് എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 13200 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

2. സ.ഉ. (സാധാ) നം. 2128/2023/തസ്വഭവ/31-10-2023 ഖ 4.3.li പ്രകാരം തൊഴിൽ മേള നടത്തിപ്പിനാവശ്യമായ ചെലവിന്റെ 3% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള നോളജ് മിഷൻ നൽകുന്നതാണ് എന്ന് വ്യക്തമക്കിയിട്ടുണ്ട്. ആയത് പ്രകാരം ചെലവ് തുകയുടെ 3% തുകയായ ₹3996 ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (56/30-10-2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ഐ കെ എം ന് തുക നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-₹10,00,000യുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

| ക്രമ നം | പ്രൊജക്റ്റ് നമ്പർ, പേര് | അടങ്കൽ | ബിൽ നം./ തിയ്യതി /ചെലവ് തുക(എ സി ആർ പ്രകാരം) | തുക നൽകിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 02/24, ഐ കെ എം വിഹിതം നൽകൽ | ₹1,00,000 (വികസനഫണ്ട്) | 107/05.08.23 ₹1,00,000 | ഐകെഎം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നല്കുന്നത് |
| 2 | 278/24 ഐ കെ എം മെമ്പർഷിപ്പ് ഫീസ് | ₹6,00,000 (വികസനഫണ്ട്) | 564/25.03.24 ₹6,00,000 | 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ മെമ്പർഷിപ്പ് ഫീസ് നൽകൽ@3,00,000 |
| 3 | 279/24 ഐ കെ എം മെമ്പർഷിപ്പ് ഫീസ് | ₹3,00,000 (വികസനഫണ്ട്) | 568/25.03.24 ₹3,00,000 | 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ മെമ്പർഷിപ്പ് ഫീസ് നൽകൽ @3,00,000 |
| | | ആകെ | ₹10,00,000 | |

2023-24 സാമ്പത്തിക വർഷം പട്ടികയിൽ കൊടുത്തിരിക്കുന്ന വിവിധ പ്രൊജക്ടുകൾ പ്രകാരം ₹10,00,000 ഐ. കെ. എം. ന് നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/26-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹10,00,000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-32 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം- തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പേര് | 205/24, തെരുവ് നായ്ക്കളുടെ വന്ധ്യംകരണം - തുക കൈമാറൽ |
| അടങ്കൽ | ₹1,00,000 തനത് ഫണ്ട് |
| ചെലവ് | ₹1,00,000/ബിൽ നമ്പർ 109/07-08-23 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത

പ്രൊജക്റ്റായാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹1,00,000 ഗ്രാമപഞ്ചായത്ത് വിഹിതമായി കണ്ണൂർ ജില്ലാ പഞ്ചായത്തിന് (അക്കൗണ്ട് നം. 77901400000958) നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ആയത് ഹാജരാക്കുന്നതിനായി നല്കിയ 26/26-10-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 സ്ത്രീ പദവി പഠനം- പദ്ധതി പൂർത്തിയായിട്ടില്ല -127834 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 201/24, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹228000 വികസന ഫണ്ട് |
| ചെലവ് | ₹7600/ബിൽ നമ്പർ: 261/28.12.2023<br>₹118870/ബിൽ നമ്പർ: 298/10.01.2024<br>₹1364/ബിൽ നമ്പർ: 354/15.02.2024<br>ആകെ: ₹127834 |

സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ തീയതി 19.04.22 ഖണ്ഡിക 6.3.1 ലെ നിർദ്ദേശിച്ചു പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പദ്ധതിയാണിത്.

പരിശീലനം ₹750, ബാനർ ₹1200 ഭക്ഷണച്ചെലവ് ₹4580, ഫോട്ടോകോപ്പി&പ്രിന്റിംഗ് ₹2434 ഫീൽഡ് സർവ്വേ പ്രവർത്തനചെലവ് ₹118870 എന്നിങ്ങനെ ആകെ 127834 രൂപയാണ് ഓഡിറ്റ് വർഷം പ്രസ്തുത പ്രോജക്ടിനു വേണ്ടി ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനായി 23.10.2024 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പദ്ധതി പ്രവർത്തനത്തിന്റെ അന്തിമഘട്ടമായ പുസ്തകത്തിന്റെ പ്രിന്റിംഗ്, പ്രസിദ്ധീകരണം, പുസ്തക പ്രകാശനം എന്നിവ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ടെന്നും നിലവിൽ പദ്ധതി പൂർത്തിയായിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ₹127834 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-34 കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്കുള്ള ധനസഹായം - രേഖകൾ ഹാജരാക്കിയിട്ടില്ല -150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ / പേര് | 97/24, കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം |
| അടങ്കൽ | ₹150000 (വികസനഫണ്ട് ) |
| ചെലവ് | ₹100000/ബിൽ നമ്പർ: 262/28.12.2023<br>₹50000/ബിൽ നമ്പർ: 309/16.01.2024<br>ആകെ ₹1,50,000 |

കോക്ലിയാർ റീ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണം റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക (ഒരു കുട്ടിക്ക് 50000രൂപ നിരക്കിൽ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. മൂന്ന് കുട്ടികൾക്ക് വേണ്ടി (നന്ദസ്വരൂപ് പി.എസ്, ഐബിൻ ഐസക്ക്, ഷാരവ് രജീഷ് ) ആകെ 1.5 ലക്ഷം രൂപയാണ് കൈമാറിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്കാണ് (3301005800000015) തുക കൈമാറിയത് .

കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തുക കൈപ്പറ്റിയതിന്റെ രശീത്, പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, കുട്ടികൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 22.10.2024 ന് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 3 കുട്ടികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തുക കൈപ്പറ്റിയതിന്റെ രശീതിന് ആവശ്യപ്പെട്ടത് നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

കൈപ്പറ്റ് രശീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി – പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ. |
| പ്രോജക്ട് നമ്പർ, പേര് | 153/24, പ്രത്യേകന്നുകുട്ടി പരിപാലനം (സ്പിൽ ഓവർ) |
| അടങ്കൽ | ₹312500 വികസന ഫണ്ട്<br>₹312500 ഗുണഭോക്തൃ വിഹിതം നേരിട്ടുള്ള ചെലവ്<br>ആകെ: ₹625000 |
| ചെലവ് | ₹312500/ബിൽ നമ്പർ: 168/08.10.2023 |

മേൽ പദ്ധതി പ്രകാരം 25 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി 312500 രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 1-36 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ– വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ, പേര് | 195/24, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹185000(ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ് | ₹72987/ബിൽ നമ്പർ: 5112400401230010/13.07.23<br>₹8950/ബിൽ നമ്പർ: 5112400401230013/03.11.23<br>₹9016/ബിൽ നമ്പർ: 5112400401230020/03.11.23<br>₹24864/ബിൽ നമ്പർ: 5112400401230027/05.12.23<br>₹20800/ബിൽ നമ്പർ: 5112400401230034/15.01.24<br>₹11590/ബിൽ നമ്പർ: 5112400401230040/04.03.24<br>ആകെ: ₹148207 |

പ്രോജക്ടിന്റെ ഭാഗമായി നടത്തിയ ചെലവുകൾ താഴെ പറയുന്നവയാണ്.
Qmed Hospital & Palliative Equipments എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ – ₹72987 , ബാനർ &രജിസ്റ്റർ – ₹11590, Wall Sign Board – ₹20800, മരുന്നുകൾ - ₹24864, BP Monitor- ₹9016, സ്റ്റേഷനറി – ₹8950 .
ഇതിൽ 72987 രൂപ ചെലവഴിച്ച് Qmed Hospital & Palliative Equipments എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് ക്വട്ടേഷൻ മുഖേനയാണ്. G.O(P) 259/2010/ LSGD തീയതി 08.11.2010 Guidelines For Procurement Of Goods And Services In Local Governments In Kerala ( Procurement Manual) പ്രകാരം മതിപ്പുവില 25000 രൂപയ്ക്ക് മുകളിലും 100000 രൂപയ്ക്ക് താഴെയും വരുന്ന വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് നടത്തേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ വാങ്ങലുകൾ ക്വട്ടേഷൻ മുഖേന നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കുന്നതിനായി 26.10.24 ന് നല്കിയ 32ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിവില്ലായ്മ കൊണ്ടാണ് ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങലുകൾ നടത്തിയതെന്നും ഭാവിയിൽ എല്ലാ വാങ്ങലുകളും Procurement Manual ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

## 1-37 കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ –തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ, പേര് | 86/24, കണ്ണൂർ ഫൈറ്റ് കാൻസർ |
| അടങ്കൽ | ₹50000 തനത് ഫണ്ട് |
| ചെലവ് | ₹50000 ബിൽ നം: 570/25.03.2024 (ACR പ്രകാരം) |

ക്യാൻസർ രോഗ നിയന്ത്രണം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ ഭാഗമായി പ്രിൻസ് മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 23600 രൂപ ചെലവഴിച്ച് Labour Cot-1, Foot Step Ss Top -ഉം Qmed Hospital & Palliative Equipments എന്ന സ്ഥാപനത്തിൽ നിന്നും 26450 രൂപ ചെലവഴിച്ച് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

ജനങ്ങൾക്ക് പ്രാഥമിക പരിശോധന (സ്ക്രീനിംഗ്), നിർദ്ദേശിക്കപ്പെട്ടവർക്ക് വിശദമായ തുടർ പരിശോധന, ചികിത്സ എന്നിവ നടത്തിയാൽ മാത്രമേ ക്യാമ്പ് നടത്തിയതിന്റെ ലക്ഷ്യം പൂർത്തിയാകുകയുള്ളൂ എന്നതിനാൽ തുടർനടപടിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് 30/26-10-24 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പാപ്സ്മിയർ കളക്ഷൻ ചെയ്യാൻ ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും തുടർ പദ്ധതിയായി ചെയ്യേണ്ടതിനാൽ 2024-25 സാമ്പത്തിക വർഷം ബാക്കി പ്രവർത്തനങ്ങൾ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-38 അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കും ദാതാക്കൾക്കും അതിജീവനത്തിനുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല - 178032 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് .സി |
| പ്രൊജക്ട് നമ്പർ / പേര് | 85/24,അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കും ദാതാക്കൾക്കും അതിജീവനത്തിനുള്ള മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 264614 (മെയിന്റൻസ് ഫണ്ട് ( റോഡിതരം)) |
| ചെലവ് | ₹264614 ബിൽ നമ്പർ: 303/15.01.2024 (ACR പ്രകാരം) |

അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കും ദാതാക്കൾക്കും അതിജീവനത്തിനുള്ള മരുന്ന് വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണിത്. ആയതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പേരിലുള്ള A/C NO 36240057800000027 ലേക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. ഇതിൽ 86582 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 178032 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക മുൻകൂറായി നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്തത് സംബന്ധിച്ചും ഇതു മൂലം പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയാത്തത് സംബന്ധിച്ചും 26.10.24 ന് നൽകിയ 31ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 178032 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 178032 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-39 സാന്ത്വനപരിചരണം 2023 - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല 31156 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് .സി |
| പ്രൊജക്ട് നമ്പർ / പേര് | 83/24, സാന്ത്വനപരിചരണം 2023 |
| അടങ്കൽ | ₹825000 വികസനഫണ്ട് |
| ചെലവ് | ₹699180 |
| തുക/ബിൽ നം./തീയ്യതി (ACR പ്രകാരം) | ₹44990/11/17.05.23<br>₹44990/32/14.06.23<br>₹46360/63/04.07.23<br>₹46990/106/05.08.23<br>₹46040/134/11.09.23<br>₹258840/155/06.10.23<br>₹44990/194/05.11.23<br>₹45840/237/05.12.23<br>₹45630/281/03.01.24<br>₹74510/349/13.02.24<br>ആകെ: ₹699180 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടപ്പ് രോഗികൾക്ക് ആവശ്യമായ പരിചരണങ്ങൾ നല്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി (ബിൽ നം./തീയ്യതി – 155/06.10.23 258840 രൂപ) 213150 രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ( A/C NO 36240057800000027) കൈമാറിയിട്ടുണ്ട്. 213150 രൂപയിൽ 181994 രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. 31156 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കാത്തത് സംബന്ധിച്ചും ആയത് പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 27.10.24 ന് നൽകിയ 34ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 31156 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ 31156 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സംവിധാനം ഒരുക്കൽ – ഇൻവെർട്ടർ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല 270000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് .സി |
| പ്രൊജക്റ്റ് നമ്പർ / പേര് | 239/24, പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സംവിധാനം ഒരുക്കൽ |
| അടങ്കൽ | ₹859000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ്/ബിൽ നം./തീയ്യതി (ACR പ്രകാരം) | ₹325680/5112400401230045/06.03.24<br>₹270000/5112400401230063/25.03.24<br>₹1634/5112400401230069/25.03.24<br>₹14150/5112400401230070/26.03.24<br>ആകെ: ₹611464 |

മേൽ പദ്ധതി പ്രകാരം പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ലബോറട്ടറിയിലേക്ക് A C & INVERTER എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി 270000 രൂപ (റിക്വസിഷൻ നം./തീയതി –5112400401230063/25.03.24) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ കണ്ണൂരിന് കൈമാറിയിട്ടുണ്ട് (8443-00-108-00-00 PW Deposit എന്ന ഹെഡിലേക്കാണ് തുക ഒടുക്കിയത്).
പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്ത രേഖകൾ ഹാജരാക്കിയിട്ടില്ല.
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ ൽ നിന്നുള്ള കൈപ്പറ്റ് രശീതി
2) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട്
മേൽ രേഖകൾ ലഭ്യമാക്കുന്നതിനായി 27.10.24 ന് നൽകിയ 35ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുമെന്ന് പി.ഡബ്ല്യു.ഡി അറിയിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കാത്തതിനാൽ 270000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-41 ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകൾ ഹാജരാക്കിയിട്ടില്ല–300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് പയ്യാവൂർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 196/24, ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹300000 വികസന ഫണ്ട്- ടി.എസ്.പി |
| ചെലവ്/ബിൽ നമ്പർ (ACR പ്രകാരം) | ₹181468/372/21.02.24<br>₹118532/567/25.03.24<br>ആകെ: ₹300000 |

മേൽ പ്രോജക്റ്റ് പ്രകാരം 16 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടത് സംബന്ധിച്ച് 29.10.24 ന് നൽകിയ 51ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പട്ടികജാതി വികസന വകുപ്പിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 300000 രൂപയുടെ ചെലവ്

തടസപ്പെടുത്തുന്നു.

### 1-42 പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല - രേഖകൾ ഹാജരാക്കിയിട്ടില്ല -29700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ജി.യു.പി.എസ് പയ്യാവൂർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 89/24, പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹200000 തനത്ഫണ്ട് |
| ചെലവ്/ബിൽ നമ്പർ | ₹29700/369/20.02.2024 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 1850 രൂപ നിരക്കിൽ 16 പേർക്ക് 29600 രൂപയും എസ്.സി വിഭാഗത്തിൽപെടുന്ന ഒരു പഠിതാവിന്റെ രജിസ്ട്രേഷൻ ഫീസ് 100 രൂപയും കൂടി ആകെ 29700 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പേരിലുള്ള 57026996123 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി, നിലവിൽ പത്താംതരം തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 17 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നീ രേഖകൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 22.10.2024 ന് നൽകിയ 7൦ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതിക്കായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുമെന്നും 17 പഠിതാക്കളും പരീക്ഷയെഴുതിയിട്ടുണ്ടെന്നും റിസൾട്ട് വന്നതിന് ശേഷം രേഖകൾ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമല്ലാത്തതിനാൽ 29700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-43 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ, ചന്ദനക്കാം പാറ
ലൈഫ് ഭവന പദ്ധതി എസ്.സി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക നൽകിയതിന്റെ വിവരം (തുക/തീയതി) |
|---|---|---|
| 1 | അഭിലാഷ് കെ.പി | ₹40000/17.09.2023 |
| 2 | അനൂപ് കെ.പി | ₹40000/17.10.2023 |
| 3 | സിജോയി കെ.എസ് | ₹40000/24.03.2023 |

തുക മുൻകൂറായി കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാത്ത മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-44 പകൽ വീട് നിർമ്മാണം-നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി-₹44998 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 188/23-24, പകൽ വീട് നിർമ്മാണം-പൂർത്തീകരണം |
| അടങ്കൽ | 83320 (തനത് ഫണ്ട്) |
| ചെലവ് തുക/ബിൽ നം / തിയ്യതി | ₹44,998/86/25-07-23 |
| കരാറുകാരൻ | ശ്രീ സജി സി. |
| എഗ്രിമെന്റ് നമ്പർ തീയതി | 36/AE/LLID&EW/PYR/19-20/03-01-20 |

2018-19 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം ₹7,24,330 യും(പ്രോജക്ട്

നമ്പർ 61/20) 2020-21 സാമ്പത്തിക വർഷം ₹67,350 യും (പ്രോജക്ട് നമ്പർ 182/21) ചെലവഴിച്ചിട്ടുണ്ട്. സിവിൽ വർക്കുകൾ ശ്രീ സജി സി. എന്ന കരാറുകാരനുമായി ഉണ്ടാക്കിയ കരാർ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് ശേഷം 2021-22, 2022-23 വർഷങ്ങളിൽ സ്പിൽ ഓവർ പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2023-24 സാമ്പത്തിക വർഷം തയ്യാറാക്കിയ സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി മുൻ വർഷങ്ങളിൽ സിവിൽ വർക്കുകൾക്കായുള്ള കരാർ ഏറ്റെടുത്ത ശ്രീ സജി സി എന്ന കരാറുകാരൻ തന്നെ ക്വട്ടേഷൻ മുഖേന മോട്ടോർ വാങ്ങി സ്ഥാപിക്കുകയും ₹44,998 രൂപ കരാറുകാരന് നല്കുകയുമാണ് ചെയ്തിട്ടുള്ളത്.

ആയതുമായി ബന്ധപ്പെട്ട ഫയലിൽ താഴെകൊടുത്തിരിക്കുന്ന പ്രകാരം മോട്ടോർ സ്ഥാപിക്കുന്നതിനായി 3 ക്വട്ടേഷനുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ക്വട്ടേഷൻ സമർപ്പിച്ച തിയ്യതി | ക്വാട്ട് ചെയ്ത തുക ₹ |
|---|---|---|---|
| 1 | ELROI Sales Corporation | 18-03-2023 | 45131.82 (നികുതി ഒഴികെ) |
| 2 | Royal Hardwares | 10-08-2022 | 44998.5 (നികുതിഉൾപ്പടെ) |
| 3 | Geetee Electricals | 09-08-2021 | 48188 (നികുതി ഒഴികെ) |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 12/24-10-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. കരാറുകാരനുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ ഉൾപ്പെടാത്ത മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടിയാനെ ഏല്പിച്ച് കൊടുത്തതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല. കൂടാതെ മേൽപ്പട്ടികയിൽ പരാമർശിച്ച ക്വട്ടേഷനുകൾ വിവിധ വർഷങ്ങളിൽ ലഭിച്ചവയാണ്. ക്വട്ടേഷൻ ക്ഷണിച്ചത് ഏത് രീതിയിലാണെന്നും ആരാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വ്യക്തമാക്കുന്ന ക്വട്ടേഷൻ നോട്ടീസ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ അംഗീകരിച്ചതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ വിശദാംശങ്ങളും ലഭ്യമല്ല.
2. 2018-19 മുതൽ നടപ്പിലാക്കിവരുന്ന വിവിധ പ്രൊജക്ടുകളിലായി ₹836678 പകൽ വീട് പ്രവർത്തന സജ്ജമാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ഗുണഭോക്താക്കൾക്കായി തുറന്നുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. എക്സിറ്റ് മീറ്റിംഗിൽ പ്രസ്തുത വിഷയം പരാമർശിച്ചപ്പോൾ ആയത് എവിടെയാണെന്ന് വിശദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇരുഡ് പകൽവീടിന്റെ വിവരങ്ങൾ മാത്രമാണ് ലഭ്യമായത്.
3. പകൽ വീടിന്റെ പ്രവർത്തന രീതി /പരിപാലന രീതി ഏത് രീതിയിലാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.
4. 2020-21 സാമ്പത്തിക വർഷം (പ്രൊജക്ട് നം 182/20-21) സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ട ₹67,350 യുടെ ചെലവ് ഏതൊക്കെ പ്രവൃത്തിക്കായുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ചെലവ് തുകയായ ₹44,998 തടസപ്പെടുത്തുന്നു.

## 1-45 ബഡ്സ് സ്കൂൾ - അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി

2023-24 സാമ്പത്തിക വർഷം ബഡ്സ് സ്കൂൾ നടത്തിപ്പിനായി താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ പേര് | ചെലവ് തുക, ഫണ്ടിനം |
|---|---|
| 231/24 ബഡ്സ് സ്കൂൾ ടീച്ചർമാരുടെയും ആയമാരുടെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും വേതനം നൽകൽ | ₹758750 (വികസനഫണ്ട്, ജനറൽ)<br>₹94260 (തനത് ഫണ്ട്) |
| 232/24 ബഡ്സ് സ്കൂൾ നടത്തിപ്പ് അനുബന്ധ ചെലവുകൾ | ₹9502 (തനത് ഫണ്ട്) |
| 150 /24 ബഡ്സ് സ്കൂൾ വാഹന വാടകയും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങലും | ₹373036 (തനത് ഫണ്ട്) |

പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ തുടങ്ങുന്നതിന് 04-01-23 ലെ ജില്ലാ തല ബഡ്സ് ഉപദേശക സമിതി യോഗതീരുമാന പ്രകാരം താല്കാലിക അനുമതി നൽകുന്നതിന് തീരുമാനിച്ചതായി കണ്ണൂർ ജില്ലാമിഷൻ -കോ ഓർഡിനേറ്റർ കുടുംബശ്രീ മിഷൻ 126/2010/കെ. എസ്. കെ.എൻ. ആർ./21-01-23 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2023 ലെ 114/23 നമ്പർ തീരുമാനം പ്രകാരം 08-05-23 ന് 'ഹൃദയം ബഡ്സ് സ്കൂൾ' എന്ന പേരിൽ SNDP പയ്യാവൂർ ശാഖയുടെ ഉടമസ്ഥതയിലുള്ള കോയിപ്ര (വാർഡ്

13/246) എന്ന സ്ഥലത്തെ വാടകകെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബഡ്സ് സ്കൂളിനും അനുബന്ധ സൗകര്യങ്ങൾക്കുമായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. നിലവിൽ ബഡ്സ് സ്കൂളിലേക്ക് റോഡ് സൗകര്യം ഇല്ല. പ്രസ്തുത സ്ഥലത്തേക്കുള്ള റോഡ് നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി.

ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ [സ. ഉ. (എം എസ്) നം. 148/2009/ തസ്വഭവ/29-07/2009] പ്രകാരം സ്കൂൾ ആരംഭിക്കുന്നതിനുള്ള ശിപാർശ മാത്രമാണ് ജില്ലാ ഉപദേശക സമിതി നൽകുന്നത്. സ്കൂളുകൾ പ്രവർത്തനം ആരംഭിച്ച ശേഷം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർബന്ധമായും അംഗീകാരം വാങ്ങേണ്ടതാണ്. സ. ഉ. (എം.എസ്) നം. 20/2018/തസ്വഭവ/07-02/2018 ഖ 2 പ്രകാരം പ്രവർത്തിച്ചു വരുന്ന ബഡ്സ്/ബിആർസി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്ററുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി 2 വർഷത്തേക്ക് താല്ക്കാലികമായി അംഗീകാരം നൽകുന്നതാണ്.
ബഡ്സ് സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യ നീതി വകുപ്പുമാണ് അംഗീകാരം നൽകേണ്ടത്. 'ഹൃദയം' ബഡ്സ് സ്കൂളിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും സ്ഥാപനം വാടകക്കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന് താല്ക്കാലിക അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ സ്ഥാപനത്തിന്റെ ഫിറ്റ്നസ്സ് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം36/27-10-24) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതും അംഗീകാരം ലഭിക്കുന്ന മുറക്ക് ആയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-46 തെരുവ് നായ്ക്കളുടെ വാക്സിനേഷൻ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

29.09.2022 ലെ സ.ഉ.(സാ)നം.2376/2022ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തെരുവ് നായ നിയന്ത്രണം സമഗ്രമായി നടപ്പാക്കുന്നതിന് പ്രതിരോധ കുത്തിവയ്പ്പുകൾക്കാവശ്യമായ വാക്സിനുകളുടെ സംഭരിക്കുക, IEC(ബോധവൽക്കരണ) ക്യാമ്പുകൾ എന്നിവ നടത്തുക, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലെ റിട്ടയേർഡ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ കണ്ടെത്തി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് തെരുവ് നായ്ക്കൾക്കുള്ള വാക്സിനേഷൻ സമയബന്ധിതമായി നടത്തുക, തദ്ദേശ സ്ഥാപന പരിധിയിൽ എ.ബി.സി. (Animal Birth Control) കേന്ദ്രത്തിന് സ്ഥലം കണ്ടെത്തുക, അനിമൽ ഷെൽട്ടറുകൾ സ്ഥാപിക്കുക, മൃഗാശുപത്രിയിൽ വാക്സിനേഷൻ നടത്തുന്ന വളർത്തു നായകൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതോടൊപ്പം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.
മേൽ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം വാക്സിനേഷൻ, തെരുവു നായ നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിച്ച ചുവടെ ചേർത്ത നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

1. വാക്സിനേഷൻ നടത്തിയ വളർത്തു നായകളുടെ എണ്ണം.

2. സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള തെരുവു നായകളുടെ എണ്ണം.

3. വാക്സിനേഷൻ നടത്തിയ തെരുവു നായകളുടെ എണ്ണം.

4. ബോധവൽക്കരണ പ്രവർത്തനങ്ങൾ/IECക്യാമ്പുകൾ നടത്തിയതിന്റെയും പങ്കെടുത്തവരുടെ എണ്ണവും ഇത് സംബന്ധിച്ച മറ്റ് വിവരങ്ങളും.

5. വാക്സിനേഷൻ നടത്തുന്നതിന് കൊണ്ടുവരുന്ന നായകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോയെന്ന വിവരം പരിശോധിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം.

6. തെരുവു നായ നിയന്ത്രണത്തിന് വകുപ്പ് തലത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വീകരിച്ച നടപടികളുടെ വിവരം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 41/28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-47 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല 1378000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പയ്യാവൂർ സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 71/24, വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹978000 ധനകാര്യകമ്മീഷൻ അവാർഡ്<br>₹1000000 ബ്ലോക്ക് വിഹിതം<br>₹228390 മറ്റുള്ളവ |

| | |
|---|---|
| | ആകെ: ₹2206390 |
| ചെലവ് | ₹978000 ധനകാര്യകമ്മീഷൻ അവാർഡ്<br>₹100000 മറ്റുള്ളവ (ഗുണഭോക്തൃവിഹിതം)<br>ആകെ: ₹1078000 |
| തുക/ബിൽ നമ്പർ | ₹443900/408/11.03.24<br>₹250000/427/16.03.24<br>₹284100/605/26.03.24<br>₹100000 (മറ്റുള്ളവ)-ചെക്ക് നമ്പർ670480805/29.12.23 |

ഗ്രാമപഞ്ചായത്തിലെ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപാധിയെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂനിറ്റുകൾ സ്ഥാപിച്ചു നല്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണിത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ പദ്ധതി പ്രകാരം റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി 10,78,000 രൂപ KAICO ന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സുലേഖ ചെലവു പത്രിക പ്രകാരം ബ്ലോക്ക് വിഹിതമിനത്തിൽ 1000000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് വന്നിട്ടില്ല. എന്നാൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് 26.07.2024 നൽകിയ എ1-5484 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് വിഹിതമായി 2023-24 സാമ്പത്തിക വർഷം പയ്യാവൂർ ഗ്രാമപഞ്ചായത്തിന് ലഭ്യമായ 300000 രൂപ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്ന പ്രൊജക്ടിനായി പൂർണ്ണമായും ചെലവഴിച്ചു എന്ന വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. റിംഗ് കമ്പോസ്റ്റ് യൂനിറ്റ് സ്ഥാപിക്കുന്നതിനായി ബ്ലോക്ക് വിഹിതമിനത്തിൽ വന്ന 3 ലക്ഷം രൂപയുടെ ചെലവ് സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള പ്രസ്തുത തുക ഇ ഗ്രാം സ്വരാജ് പോർട്ടലിൽ നിന്നും KAICO ന്റെ അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്. ഇതുൾപ്പെടെ ആകെ 1378000 രൂപ (@2220 Per Unit) KAICO ന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 503 ഗുണഭോക്താക്കളിൽ നിന്നു മാത്രമാണ് ഗുണഭോക്തൃവിഹിതം ശേഖരിച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ശേഖരിക്കാതെയും ഗുണഭോക്താക്കളെ നിശ്ചയിക്കാതെയും അധിക തുക KAICO വിന് കൈമാറിയത് ക്രമപ്രകാരമല്ല.

3. റിംഗ് കമ്പോസ്റ്റ് യൂനിറ്റുകൾ ഗുണഭോക്താക്കൾക്ക് സ്ഥാപിച്ചു നല്കിയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് ഇവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ഒപ്പിട്ട ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

അപാകങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് 29.10.24 ന് നൽകിയ 45ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബ്ലോക്ക് വിഹിതമിനത്തിലുള്ള 1000000 രൂപ കിട്ടുമെന്ന് കണക്കുകൂട്ടി, ആദ്യത്തെ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ എണ്ണക്കുറവ് കാരണം ഒരു അഡീഷണൽ ലിസ്റ്റ് ഉണ്ടാക്കിയിരുന്നുവെന്നും ബ്ലോക്ക് പഞ്ചായത്ത് തുക നൽകുന്ന മുറക്ക് മൊത്തത്തിൽ റിംഗ് കമ്പോസ്റ്റ് യൂനിറ്റുകൾ ഇറക്കാം എന്നായിരുന്നു ഉദ്ദേശിച്ചിരുന്നതെന്നും ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് ബാക്കി തുക (7ലക്ഷം രൂപ) നൽകുന്ന മുറക്കോ 2024-25 വർഷത്തെ പദ്ധതിയിലുൾപെടുത്തിയോ റിംഗ് കമ്പോസ്റ്റ് യൂനിറ്റുകൾ നൽകുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചു നൽകി എന്നതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും, KAICO വിന് 261340 രൂപ (1378000 – 503x2220) അധികം നൽകിയതിനാലും (മുൻകൂറായി തുക പിൻവലിക്കാൻ അനുമതിയില്ല) പദ്ധതിക്കായി ആകെ ചെലവഴിച്ച 13,78,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റി യോഗതീരുമാനങ്ങൾ അംഗീകാരത്തിനയക്കുന്നതിൽ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമാകുന്നുണ്ട്. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിറ്റ്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഭരണസമിതി,സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 19.06.2023 (ഭരണസമിതി) | 16.07.2023 |

| | |
|---|---|
| 18.08.2023 (ഭരണസമിതി) | 01.01.2024 |
| 16.09.2023 (ഭരണസമിതി) | 16.10.2023 |
| 25.10.2023 (ഭരണസമിതി) | 02.12.2023 |
| 28.02.2024 (ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി) | 12.07.2024 |
| 11.03.2024 (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി) | 04.06.2024 |
| 07.03.2024 (വികസന സ്റ്റാൻഡിംഗ് കമ്മറ്റി) | 09.05.2024 |
| 23.03.2024 (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിംഗ് കമ്മറ്റി) | 09.05.2024 |

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിറ്റ്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ചട്ടലംഘനമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 44/28.10.2024 ന് മറുപടിയായി അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കാൻ സവിശേഷ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-49 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമസേനയിലൂടെ -അവലോകനം

**ആമുഖം**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ, തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ ഉദ്ദേശ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

**ഗ്രാമപഞ്ചായത്ത് - അടിസ്ഥാന വിവരങ്ങൾ**

ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളാണുള്ളത്. ആകെ ജനസംഖ്യ 21570. ആൾത്താമസമുള്ള വീടുകളുടെ എണ്ണം 5526 ഉം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 584 ഉം ആണ്.

**ഹരിതകർമ്മസേന, യൂസർ ഫീസ്**

16 വാർഡുകളിലായി 30 പേരാണ് ഹരിതകർമ്മസേനയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നത്. ഹരിത കർമ്മസേനാംഗങ്ങളുടെ ശരാശരി മാസ വരുമാനം 8700 രൂപയും യൂസർ ഫീസിനത്തിൽ പ്രതിമാസം ശേഖരിക്കുന്ന തുക ശരാശരി 265000 രൂപയുമാണ്. 2023-24 വർഷം 30 ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്രൊജക്ട് നമ്പർ 266/24 പ്രകാരം 28500 രൂപ ചെലവഴിച്ച് യൂണിഫോം വാങ്ങി നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് വാഹനം വാങ്ങി നല്കുകയും ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചു നല്കുകയും ചെയ്തിട്ടുണ്ട്.

231 അഗതി, അതി ദരിദ്ര കുടുംബങ്ങൾ താമസിക്കുന്ന വീടുകളെ യൂസർ ഫീസ് ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2022-23, 2023-24 വർഷങ്ങളിൽ നിയമലംഘനം നടത്തിയ വിവിധ സ്ഥാപനങ്ങളിൽ നിന്നും 83000 രൂപ ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

**മാലിന്യ ശേഖരണം**

പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും ക്ലീൻ കേരള കമ്പനി തയ്യാറാക്കിയ കലണ്ടർ പ്രകാരം ഉറവിടത്തിൽ നിന്നു തന്നെ തരം തിരിച്ച് ശേഖരിക്കുകയാണ് ചെയ്യുന്നത്. ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള

കമ്പനിക്ക് കൈമാറുന്നു. 2023-24 സാമ്പത്തിക വർഷം ലെഗസി മാലിന്യങ്ങൾ ഒഴിവാക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് 602500 രൂപയും, (60250kg, പ്രോജക്ട് നമ്പർ 238/24 ) സ്പിൽ ഓവർ പദ്ധതിയിൽ 1,75,000രൂപയും (17500kg, പ്രോജക്ട് നമ്പർ 137/24 ) നല്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം 1,07,516 രൂപയാണ് ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിച്ചത്. ലെഗസി മാലിന്യങ്ങളുടെ അളവ് വർധിക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.പരമാവധി തരംതിരിച്ച് വൃത്തിയാക്കിയ പ്ലാസ്റ്റിക്കുകൾ കൈമാറുന്നതിലൂടെ ഹരിതകർമ്മസേനയുടെ വരുമാനം വർധിപ്പിക്കേണ്ടതും ലെഗസി മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത വരുന്നത് ഒഴിവാക്കേണ്ടതുമാണ്.

**എംസിഎഫ്**

ഗ്രാമപഞ്ചായത്തിൽ 1 എം സി എഫും 66 മിനി എം.സി.എഫും ഉണ്ട്. 2024 ഒക്ടോബർ 2 ന് ബെയ്‌ലിംഗ് മെഷീൻ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എന്നാൽ ഇതുവരെ ബെയിൽ ചെയ്ത പ്ലാസ്റ്റിക്ക് കൈമാറാൻ തുടങ്ങിയിട്ടില്ല. എം സി എഫിൽ ശുചിമുറിയും കുടിവെള്ള സൗകര്യവും ഫയർ എക്സ്റ്റിംഗ്വിഷറും ഉണ്ട്. ഫയർ ഓഡിറ്റ് നടത്തുകയോ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഈ മേഖലയിൽ പരിശീലനം നല്കുകയോ ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷം മുതൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക |
|---|---|
| 48/23, എം സി എഫ് കെട്ടിട നിർമ്മാണം | 29,97,769 |
| 32/23, മാലിന്യ സംസ്കരണം -വാഹനം വാങ്ങൽ | 838604 |
| 240/23, എം സി എഫ് കെട്ടിടത്തിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ | 437426 |
| 234/23, എം സി എഫ് കെട്ടിടത്തിൽ ജലലഭ്യത ഉറപ്പു വരുത്തൽ | 149573 |
| 275/23, മിനി എം സി എഫ് സ്ഥാപിക്കൽ | 4,50,000 |
| 65/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 200285 |
| 37/24, എം സി എഫ് ലേക്ക് ത്രീ ഫേസ് കണക്ഷൻ | 222048 |
| 206/24, എം സി എഫ് കെട്ടിടം വൈദ്യുതീകരണം | 65756 |
| 266/24, ഹരിതകർമ്മസേനയ്ക്ക് യൂനിഫോം | 28500 |

**ഹരിതമിത്രം ആപ്പ്**

ഹരിതമിത്രം ആപ്പിൽ കൃത്യമായി രജിസ്റ്റർ ചെയ്താണ് വെയ്സ്റ്റ് കൈകാര്യം ചെയ്യുന്നത്.

**ഉപസംഹാരം**

അജൈവ മാലിന്യങ്ങൾ സംഭരിച്ച് ക്ലീൻ കേരള കമ്പനിക്ക് യഥാസമയം കൈമാറുന്നതിനാൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകാറില്ല. എം.സി എഫ് വിദൂര സ്ഥലത്തായതിനാൽ എത്തിപ്പെടാൻ പ്രയാസമുണ്ട്. (20.10.2024 തീയതിയിലെ 4/24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെയും സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 23.10.2024, 24.10.2024 | നം.കെ.എസ്.എ./കെ.എൻ.ആർ./സി6/1672 തീയതി: 06-12-2024 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 60,000 | ലൈഫ് ഭവന പദ്ധതി, എസ് സി-124/24 | 60,000 | 0 |
| | 1,40,000 | ലൈഫ് ഭവന പദ്ധതി – എസ് സി -130/24 | 1,40,000 | 0 |
| | 3,00,000 | ലൈഫ് ഭവന പദ്ധതി-എസ് ടി, 120/24 | 3,00,000 | 0 |
| | 9,20,000 | ലൈഫ് ഭവന പദ്ധതി 2020 ജനറൽ, 132/24 | 9,20,000 | 0 |
| | 2,25,000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും, 77/24 | 2,25,000 | 0 |
| | 4,00,000 | ലൈഫ് ഭവന പദ്ധതി എസ് ടി – അഡിഷണൽ ലിസ്റ്റ്, 126/24 | 4,00,000 | 0 |
| | 4,30,000 | ക്ഷീര കർഷകർക്ക് ഉല്പാദന ബോണസ്,93/24 | 4,30,000 | 0 |
| **ആകെ** | **24,75,000** | | **24,75,000** | **0** |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2,80,000 | ലൈഫ് ഭവന പദ്ധതി, എസ് സി-124/24 | 2,80,000 | 0 |
| | 3,80,000 | ലൈഫ് ഭവന പദ്ധതി – എസ് സി -130/24 | 3,80,000 | 0 |
| | 5,47,735 | ലൈഫ് ഭവന പദ്ധതി-എസ് ടി, 120/24 | 5,47,735 | 0 |
| | 12,00,000 | ലൈഫ് ഭവന പദ്ധതി 2020 ജനറൽ,132/24 | 12,00,000 | 0 |
| | 10,00,000 | ലൈഫ് ഭവന പദ്ധതി-എസ് ടി, 131/24 | 10,00,000 | 0 |
| | 80,000 | ലൈഫ് ഭവന പദ്ധതി-എസ് ടി, 118/24 | 80,000 | 0 |
| | 2,00,000 | ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ്, 93/24 | 2,00,000 | 0 |
| | 6,00,000 | അതിദരിദ്രർക്ക് വീട് നിർമ്മാണം, 67/24 | 6,00,000 | 0 |
| | 3,82,333 | ലൈഫ് ഭവന പദ്ധതി 2020-പട്ടികജാതി, 122/24 | 3,82,333 | 0 |
| | 2,17,000 | ലൈഫ് ഭവന പദ്ധതി 2020-പട്ടികജാതി, 69/24 | 2,17,000 | 0 |
| | 1,20,000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പുംബത്തയും, 77/24 | 1,20,000 | 0 |
| | 9,94,213 | ലൈഫ് ഭവന പദ്ധതി 2020-പട്ടികവർഗം, 123/24 | 9,94,213 | 0 |
| **ആകെ** | **₹60,01,281** | | **₹60,01,281** | **0** |

സുലേഖ ചെലവു പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തത്. എന്നാൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് എ1/5484/24 തീയതി 26.07.2024 നമ്പർ കത്തു പ്രകാരം

നല്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ താഴെ പറയും പ്രകാരം തുക വിനിയോഗിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി, ജനറൽ | 12,20,000 | 12,20,000 |
| 2 | ലൈഫ് ഭവന പദ്ധതി, പട്ടികജാതി | 2,00,000 | 2,00,000 |
| 3 | ലൈഫ് ഭവന പദ്ധതി , പട്ടിക വർഗ്ഗം | 4,00,000 | 4,00,000 |
| 4 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂനിറ്റ് സ്ഥാപിക്കൽ | 3,00,000 | 3,00,000 |

ഇതിൽ റിംഗ് കമ്പോസ്റ്റ് യൂനിറ്റ് സ്ഥാപിക്കുന്നതിനായി ലഭിച്ച 3 ലക്ഷം രൂപയുടെ ചെലവ് സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല (പ്രോജക്ട് നമ്പർ 71/2024). ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ഇ ഗ്രാം സ്വരാജ് പോർട്ടലിൽ നിന്നും KAICO ന്റെ അക്കൗണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് പ്രസ്തുത തുക കൈമാറിയിട്ടുള്ളത്. ഭവനപദ്ധതിക്കായി ലഭിച്ച ആകെ തുക (18,20,000 രൂപ – ബ്ലോക്ക് വിഹിതം) ശരിയാകുന്നുണ്ടെങ്കിലും പ്രോജക്ട് തിരിച്ച് രേഖപ്പെടുത്തിയതിൽ തെറ്റു വന്നിട്ടുണ്ട്. കൃത്യമായ വിവരങ്ങൾ നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 സാമ്പത്തിക വർഷം വിവിധ ഏജൻസികൾ മുഖേന ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ചെയ്യുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | മൂരിക്കടവ് പുഴയിൽ കുടിവെള്ള സംരക്ഷണാർത്ഥം കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് ചെക്ക്ഡാം നിർമ്മാണം,200/24 | ബിൽ നമ്പർ , തീയതി 248/28-03-23 | 1260000 | 0 | 1260000 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ കണ്ണൂർ | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയ സംവിധാനം ഒരുക്കൽ,194/24 | Directly Credit To Bank , No : C032474682006 , Dt. 28-03-2024 | 270000 | 0 | 270000 |
| കെ എസ് ഇ ബി | എം സി എഫിലേക്ക് ത്രീഫേസ് കണക്ഷൻ സ്ഥാപിക്കൽ,37/24 | വൗച്ചർ നമ്പർ 22300684/ 15.12.23 | 222048 | 222048 | 0 |
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,കണ്ണൂർ | സൗരോർജ്ജവേലി അധികനിർമ്മാണം, 91/24 | ബിൽ നമ്പർ 454/24-03-24 | 100000 | 0 | 100000 |
| കെ എസ് ഇ ബി | വെമ്പുവ ആർട്സ് & സ്പോർട്സ് ക്ലബ് വൈദ്യുത കണക്ഷൻ, 225/24 | വൗച്ചർ നമ്പർ 22300533/ 14.12.23 | 40214 | 40214 | 0 |

ഡെപ്പോസിറ്റ് വർക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്.

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 32878964രൂപ വരവുണ്ട്. മുൻവർഷങ്ങളിൽ എടുത്ത വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പയുടെയും തൻവർഷം തിരിച്ചടച്ച വായ്പയുടെയും വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷം എടുത്ത വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 4892103 (2018-19) 32878964 2023-24 ആകെ 3,77,71,067 | 1,45,408 | 32878964 | 33024372 | 2793593 | 30230779 |

ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്. മുൻവർഷത്തെ ഓഡിറ്റ് വേളയിൽ ലോൺ രജിസ്റ്റർ കൃത്യമല്ലാത്തതിനാലും സ്റ്റേറ്റ് ഷെയർ ലോൺ ഹെഡിൽ വന്നുപോയതിനാലും കണക്കുകളിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 7003750 രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 65,00,000 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ@7.75%) | 5,03,750 |
| ആകെ | 70,03,750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 70,03,750 |

**വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി |
|---|---|---|
| പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്ക്, എഫ് ഡി നമ്പർ 0202131606986- 15.02.2024 ന് ഒരു വർഷത്തേക്ക് പുതുക്കി-പലിശ നിരക്ക് 9% | 70,03,750 | 15.02.2025 |
| **ആകെ** | **₹70,03,750** | |

സ്ഥിരനിക്ഷേപത്തിൻ മേൽ ലഭിക്കുന്ന പലിശ തുക പഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് (പയ്യാവൂർ സർവീസ് സഹകരണബാങ്ക് അക്കൗണ്ട് നമ്പർ 1992) മാറ്റുന്നതിനാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2024 ലെ 36/24 നമ്പർ തീരുമാനത്തിൽ നിർദ്ദേശിച്ചിരുന്നതെങ്കിലും 15.02.2024 തീയതിയിൽ പലിശ സഹിതം പുതുക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത നടപടിക്ക് ഭരണസമിതിയുടെ സാധൂകരണം ലഭ്യമായിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2023-24 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 49,847 രൂപ വരവുണ്ട്.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2022-23 | 1-24 | 23247 | ശ്രീ.ഫ്രാൻസിസ് ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ | 1230104042/ 01.02.2024 |
| 2 | 2022-23 | 1-26 | 26600 | ശ്രീ.ഫ്രാൻസിസ് ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ | 1230104252/ 08.02.2024 |
| | | | 49,847(*) | | |

(*)ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2002-03, 2004-05 | 137 മുതൽ 144 വരെ | 2004-05 | പ്രത്യേക റിപ്പോർട്ട് എഫ്.സി. 9/153/2005 തീയതി 03-02-2005, എഫ്.സി 9/70/2005 തീയതി 04-08-2005 | റോഡ് പണിയിൽ ക്രമക്കേട് -3.3 ലക്ഷം രൂപ നഷ്ടം (ജെ.ജെ. എസ്.വൈ ഫണ്ട് ചെലവഴിച്ച് ബൈപാസ് റോഡ് നിർമ്മാണം | നിയമ സഭാ സമിതിയുടെ പരിഗണനയിലാണ്. തടസം നിലനിൽക്കുന്നു. |
| 2014-15 | 4.1.4 | 2009-10 | 3-19(3) | 2009-10 വർഷം 816221 രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ | നിയമ സഭാ സമിതിയുടെ പരിഗണനയിലാണ്. തടസം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | കേന്ദ്രം അടച്ചിട്ട നിലയിൽ | |
| 2016-17 | അനുബന്ധം 4 | 2013-14 & 2014-15 | 2-3 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. തടസം നിലനിൽക്കുന്നു. |
| 2016-17 | അനുബന്ധം 4 | 2013-14 & 2014-15 | 2-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. തടസം നിലനിൽക്കുന്നു |
| 2004-05 | | 1999-2000 | 17 | സഹകരണ സംഘത്തിന് പദ്ധതി വിഹിതം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. തടസം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹10,76,66,038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹10,97,08,773 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹762 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹5493044 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|
| 1-15 | 762 | ശ്രീ.സന്ദീപ്. എ, സെക്രട്ടരി |
| **ആകെ** | ₹3254 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 12,60,000 | ശ്രീ.ജയസിംഹൻ.കെ, സെക്രട്ടറി |
| 1-28 | 5,03,140 | ശ്രീ.ജയസിംഹൻ.കെ, സെക്രട്ടറി ₹ 496800 |

| | | |
|---|---|---|
| | | ശ്രീ.ബിജു.ഇ.വി, സെക്രട്ടറി (അധികചുമതല) ₹6340 |
| 1-29 | 1,00,000 | ശ്രീ.ജയസിംഹൻ.കെ, സെക്രട്ടറി |
| 1-30 | 13,200 | ശ്രീ. ശ്യാമപ്രസാദ്.എസ്എസ്, സെക്രട്ടറി |
| 1-31 | 10,00,000 | ₹100000 ശ്രീമതി തങ്കമ്മ.ടി.ഡി, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) ₹900000, ശ്രീ.ജയസിംഹൻ.കെ, സെക്രട്ടറി |
| 1-32 | 1,00,000 | ശ്രീമതി തങ്കമ്മ.ടി.ഡി,അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) |
| 1-33 | 1,27,834 | ശ്രീമതി.നളിനമ്മ.ജി,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34 | 1,50,000 | ശ്രീമതി.നളിനമ്മ.ജി,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-38 | 1,78,032 | ഡോ.സുബിൻ സുകുമാരൻ, മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 1-39 | 31,156 | ഡോ.സുബിൻ സുകുമാരൻ, മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 1-40 | 2,70,000 | ഡോ.സുബിൻ സുകുമാരൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-41 | 3,00,000 | ശ്രീ.പ്രഭാകരൻ.പി., ഹെഡ് മാസ്റ്റർ |
| 1-42 | 29,700 | ശ്രീ.പ്രഭാകരൻ.പി., ഹെഡ് മാസ്റ്റർ |
| 1-44 | 44,998 | ശ്രീ.ഫ്രാൻസിസ് ജോർജ്ജ്.സി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-46 | 6,984 | ശ്രീ.ബിജു. ഇ.വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-47 | 13,78,000 | ശ്രീ.മുഹമ്മദ് ഷഫീക്ക്.,വി.ഇ.ഒ , പയ്യാവൂർ സർക്കിൾ |
| **ആകെ** | ₹54,93,044 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫ്രാൻസിസ് ജോർജ്ജ് സി., അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ആർ ഐ ക്യ പിഎൽ, എറണാകുളം | ചാലുങ്കൽ (ഹൗസ്), ഉളിക്കൽ പി ഒ, കണ്ണൂർ ജില്ല. |
| ശ്രീ.ശ്യാമപ്രസാദ്. എസ്എസ്, സെക്രട്ടറി | സെക്രട്ടറി, സേനാപതി ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറ്റതിൽ, പാറക്കൽ, ആലിയാട്, പി ഒ വെഞ്ഞാറമൂട് |
| ശ്രീ.മുഹമ്മദ് ഷഫീഖ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പയ്യാവൂർ സർക്കിൾ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പയ്യാവൂർ സർക്കിൾ. | കരാട്ടുകുരയിൽ ഹൗസ്, പള്ളിക്കൽ പി ഒ, മലപ്പുറം ജില്ല. |
| ഡോ.സുബിൻ സുകുമാരൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,ചന്ദനക്കാംപാറ | അദ്വൈത്, ചമതച്ചാൽ, ചന്ദനക്കാം പാറ |
| ശ്രീ.പ്രഭാകരൻ.പി. , ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി യു പി എസ് പയ്യാവൂർ | പന്തനാട് ഹൗസ്, പെരിന്തലേരി, കൊയ്യം- പി ഒ |
| ശ്രീമതി.നളിനമ്മ.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, | കുറ്റിവേലിൽ ഹൗസ്, ചെമ്പന്തൊട്ടി, ശ്രീകണ്ഠാപുരം-പി ഒ |

| | | |
|---|---|---|
| ശ്രീ.ബിജു.ഇ.വി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പയ്യാവൂർ ഗ്രാമ പഞ്ചായത്ത് | പാപ്പിനിശ്ശേരി ഹൗസ്, പയ്യാവൂർപി ഒ |
| ശ്രീമതി.തങ്കമ്മ.ടി.ഡി, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | ജോയിന്റ് ബി ഡി ഒ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | മുണ്ടം പള്ളി ഹൗസ്, ചെമ്പന്തൊട്ടി പി ഒ |
| ശ്രീ.ജയസിംഹൻ.കെ, സെക്രട്ടറി | സെക്രട്ടറി, പായിപ്പാട് ഗ്രാമപഞ്ചായത്ത് | താനത്ത് വീട്, മരുളർ കുളങ്ങര, ആല്യംകടവ്, കരുനാഗപ്പള്ളി-പിഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ-സി4/1409/2022 തീയതിഃ 10-10-2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ-സി4/1409/2022 തീയതിഃ 10-10-2022 | 1 |
| 2011-12 & 2012-13 | കെ.എസ്.എ/കെ.എൻ.ആർ-സി4/1409/2022 തീയതിഃ 10-10-2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൻ.ആർ-സി4/1409/2022 തീയതി 10-10-2022 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ-സി4/1409/2022 തീയതി 10-10-2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ-സി4/1409/2022 തീയതിഃ 10-10-2022 | 3 |
| 2018-19 | കെ.എസ്.എ /കെ.എൻ.ആർ /സി.4/ 1409/2022 തീയതിഃ 10-10-2022 | 5 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.4/713/ 2023 തീയതിഃ 29-05-2023 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആര/സി.4/714/ 2023 തീയതിഃ 29-05-2023 | 38 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.4/230/23(1) തീയതിഃ 21.02.2024 | 38 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ /സി.4/811/23 തീയതിഃ 22.02.2024 | 54 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 159/24 dated 26-06-2024 and submitted on 26-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Payyavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Payyavoor Grama Panchayat as on 31-03-2024

**Date: 06/12/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Payyavoor Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Panchayath fund as per B1 schedule is negative

**2.Other Observations**

1.Cash Flow statement-Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents

2.The following mandatory financial statements prescribed in Accounting Rules are not submitted for audit

a.B1 schedule b.Notes on account c.Ratios
3.Asset register has not been made up to date. Values recorded in it are not reliable for audit
4.Depreciation values under various asset heads can not be scrutinised in the absense of supporting documents
5.Expenditure booked in wrong account head
6.Lapses in making timely and accurate demand entries in respect of tax and non tax revenue.
7.Expenditure related to incomplete deposit works are not included in B 18 schedule of Balance sheet. Instead they are either included in asset head or booked as revenue expenditure.
8.Rs.980789 booked as other deposits is actually the amount credited to bank account purpose for which could not be identified.

9.Amount shown under the head of account Social security pension shown in income and expenditure statement are incomplete. Arrear amount distributed during the current year are not included.
10.Details of unadjusted advance towards MGNREGS administrative expenditure shown in B 18 schedule and amount as per Registers do not match
11.Details of Closing stock not included in Schedule B-14 of the Balance Sheet.
12.Bank Reconcilation statement of Central Finance commission grant had not been produced for verification in audit.
13.Amount as per B 4 and B 17 schedules under the following head of account do not match.
a) Account number 40418101024362 Kerala Grameen Bank, b) CFC
14.Distress relief fund Balance as per B2 and B17 schedules do not match
15.Details of Prior period expenses in I-18 schedule were not made available for verification in audit.
16.Cheques remaining uncashed for more than 3 months were not transferred to stale cheque head.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

**1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്**

| Payyavoor Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 36409693.00 |
| Cash | Cash | RP-40(a) | 156406.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1326590.00 |
| 140000000 | Fees & User Charges | RP-4 | 3343230.00 |
| 150000000 | Sale & Hire Charges | RP-5 | 291457.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10570500.00 |
| 171000000 | Interest Earned | RP-9 | 1242868.00 |
| 190000000 | Prior Period Income | RP-11 | 5097.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 563554.00 |
| 311000000 | Earmarked Funds | RP-28 | 9250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 40721038.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12489875.00 |
| 460000000 | Loans, Advances and Deposits | RP-49 | 62649.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 74747.00 |
| 330000000 | Secured Loans | RP-31 | 32878964.00 |
| 340000000 | Deposits Received | RP-33 | 2318100.00 |
| 350000000 | Other Liabilities | RP-35 | 1768119.00 |
| | **Grand total** | | **144232137.00** |
| | **PAYMENTS** | | |
| | **Operating** | | |
| 431000000 | Sundry Debtors (Receivables) | RP-45 | 4056960.00 |
| 460000000 | Loans, Advances and Deposits | RP-49 | 2756642.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 73641.00 |
| 350000000 | Other Liabilities | RP-35 | 102821530.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 34313593.00 |
| Cash | Cash | RP-40(b) | 209771.00 |
| | **Grand Total** | | **144232137.00** |

**2.ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്**

| Payyavoor Grama Panchayat<br>INCOME & EXPENDITURE STATEMENT |
|---|

| For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7098770.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2993556.00 |
| 140000000 | Fee & User Charges | I-4 | 4097779.00 |
| 150000000 | Sale & Hire Charges | I-5 | 299320.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 168542780.00 |
| 170000000 | Income from Investments | I-7 | 503750.00 |
| 171000000 | Interest Earned | I-8 | 1242868.00 |
| 180000000 | Other Income | I-9 | 74747.00 |
| | **Total Income** | | **184853570.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13304004.00 |
| 220000000 | Administrative Expenses | I-11 | 984069.00 |
| 230000000 | Operations & Maintenance | I-12 | 2805696.00 |
| 240000000 | Interest & Finance Charges | I-13 | 10451.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4473149.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 97586912.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4604921.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 33443635.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 38132575.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 3514911.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 2032.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 17570376.00 |
| | **Total Expenditure** | | **216432731.00** |
| | **Gross Surplus / Deficit of income over Expenditure before prior period items** | | **-31579161.00** |
| 190000000 | Prior Period Income | I-19 | 55877.00 |
| 290000000 | Prior Period expenses | I-18 | -7823501.00 |
| | **Net Difference** | I-19 – I-18 | 7879378 |
| | **Gross Surplus / Deficit of income over Expenditure after prior period items** | | **-23699783.00** |

| | | |
|---|---|---|
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | |

**3.ബാലൻസ് ഷീറ്റ്**

| Payyavoor Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -4862244.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11625.00 |
| 312000000 | Reserves | B-3 | 97486924.00 |
| | **Total Reserve & Surplus** | | **92636305.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13502881.00 |
| | **Total Grants, Contributions for Specific Purposes** | | **13502881.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 30230779.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **30230779.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 8145558.00 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 2613515.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **10759073.00** |
| | **TOTAL LIABILITIES** | | **14,71,29,038.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 423402.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 13065397.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18539317.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 173162267.00 |
| 416000000 | Accumulated Depreciation | B-11(a) | -105987906.00 |
| | **Total Fixed Assets** | | **99202477.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 7003750.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **7003750.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4057800.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 34523364.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 2341647.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **40922811.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **14,71,29,038.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ